കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാങ്ങോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.14/14/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/01/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.14 /14/2026

തീയ്യതി: 29/01/2026

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 48 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ. ആർ	ഡെപ്യൂട്ടി ഡയറക്ടർ	15-12-2025	30-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-12-2025	30-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കിരൺ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി ഇന്ദുലേഖ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എം.ഷാഫി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.മണികണ്ഠൻ.ജി .	സെക്രട്ടറി- ഇൻ-ചാർജ്ജ്	01-04-2024	18-09-2024
ശ്രീ.ബെൻസി ലാൽ	സെക്രട്ടറി	19-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രുതി.എ.എസ്	കൃഷി ഓഫീസർ	01-04-2024	16-12-2024
ശ്രീ.സുധീന്ദ്ര.വൈ.എസ്	കൃഷി ഓഫീസർ	17-12-2024	31-03-2025
ശ്രീമതി ദീപ.ബി.എൽ	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി.പ്രഭ.ജെ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ. രാജീവ് കെ. എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2024	01-08-2024
ഡോ. അർജുൻ എസ്. ചന്ദ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-08-2024	31-03-2025
ശ്രീമതി രജിത റ്റി.	വി.ഇ.ഒ. - 1	01-04-2024	13-11-2024
ശ്രീ. റിയാസ് എ.	വി.ഇ.ഒ. - 1	15-11-2024	31-03-2025
ശ്രീമതി സീന എസ്.	വി.ഇ.ഒ. - 2	01-04-2024	31-03-2025
ശ്രീ. ഹാഷിം എ.	ഹെഡ്മാസ്റ്റർ, എൽ.പി.എസ്., പാങ്ങോട്	01-04-2024	13-06-2024
ശ്രീമതി മിനി എം. എ.	ഹെഡ്മാസ്റ്റർ, എൽ.പി.എസ്., പാങ്ങോട്	13-06-2024	31-03-2025
ശ്രീ. ഷംനാദ് ജെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.ദീപു	അക്ര. എഞ്ചിനീയർ, MGNREGS	01-04-2024	10-05-2024
ശ്രീമതി ബിസ്മി	അക്ര. എഞ്ചിനീയർ, MGNREGS	11-05-2024	31-03-2025
ഡോ.റാണി ഗോപിനാഥ്	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ.മണികണ്ഠൻ.ജി	അസിസ്റ്റന്റ്	01-04-2024	01-10-2024

	സെക്രട്ടറി		
ശ്രീ.സുബി.വി.എസ്	ഹെഡ് ക്ലർക്ക് (അസി. സെക്രട്ടറി അധിക ചുമതല)	02-10-2024	14-10-2024
ശ്രീ.ബിനുകുമാർ.എം.ആർ	അസിസ്റ്റന്റ് സെക്രട്ടറി	15-10-2024	31-03-2025
ഡോ. ഫെമിന കെ. എൻ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	04-11-2024
ഡോ. വിനീത എൻ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	05-11-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-1
3	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-2
4	വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-3
5	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-4
6	വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	ബാങ്ക് സ്റ്റേറ്റുമെന്റ്/ട്രഷറി സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-6
8	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-7
9	സ്ഥിരനിക്ഷേപം - എ).എഫ്.എസ്.-ലെ രേഖപ്പെടുത്തൽ നിക്ഷേപ സർട്ടിഫിക്കറ്റുമായി പൊരുത്തപ്പെടുന്നില്ല	1-1-8
10	വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-1-9
11	വാടക കുടിശ്ശിക - ഡിമാന്റിൽ നിന്ന് നടപടിക്രമങ്ങൾ പാലിക്കാതെ ഒഴിവാക്കി	1-1-10
12	ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം നീക്കിയിരിപ്പുള്ള തുക ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല	1-1-11
13	B-5 Schedule പ്രകാരമുള്ള തുകയും ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെുടുന്നില്ല	1-1-12
14	പാർട്ട് ബിൽ പേയ്മെന്റ് ഉണ്ടായിരിക്കെ B-11(b)-യിൽ (Capital Work In Progress) ഠ ആയി രേഖപ്പെടുത്തിയിരിക്കുന്നു	1-1-13
15	MNREGS Administrative Expense ആയി AFS-ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക MNREGS ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-14
16	വാർഷിക ധനകാര്യ പത്രിക I(14D) പ്രകാരം ക്ഷേമപെൻഷൻ നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ DBT Statement-മായി പൊരുത്തപ്പെടുന്നില്ല	1-1-15
17	വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-16
18	Cheque Issued But Not Cleared ആയി രേഖപ്പെടുത്തിയിട്ടുള്ള തുക നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല	1-1-17
19	സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം - മുൻ വർഷം ലഭിച്ച ഗ്രാന്റുകളിൽ നിന്നും ചെലവഴിച്ച തുക നീക്കിയിരിപ്പിൽ	1-1-18

	നിന്നും കുറവ് ചെയ്തില്ല	
20	ബജറ്റ്	1-2
21	സാമ്പത്തിക നില	1-3
22	ഗ്രാന്റ് വിനിയോഗം- അപാകതകൾ	1-4-1
23	ഗ്രാന്റ് വിനിയോഗം	1-4
24	പദ്ധതി അവലോകനം	1-5
25	ക്ഷേമ പദ്ധതികൾ	1-6
26	കാഷ് ബാലൻസ് പരിശോധന	1-7
27	ആഭ്യന്തര നിയന്ത്രണം	1-8
28	കയർ ഭൂവസ്ത്രം - അപാകതകൾ	1-9-1
29	കരാറുകാർ-ജി.എസ്.ടി ഒടുക്കിയിട്ടില്ല	1-9-2
30	ദർഭവിള തൈക്കാവ് മൺതടം കോൺക്രീറ്റിംഗ് - അപാകതകൾ	1-9-3
31	പാങ്ങോട് സൊസൈറ്റി മൺതടം കോൺക്രീറ്റ് - വെണ്ടർക്ക് മെറ്റീരിയൽ തുക നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല	1-9-4
32	കയർ ഭൂവസ്ത്രം വിരിക്കൽ - പ്രവൃത്തി നിർവ്വഹിച്ചുവെന്നുറപ്പു വരുത്തേണ്ടതാണ്	1-9-5
33	തൊഴിലുറപ്പ് പദ്ധതി	1-9
34	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
35	തൊഴിൽ നികുതി തെറ്റായി നിർണയിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 7,770/- രൂപയുടെ നഷ്ടം	1-11
36	ബിൽഡിംഗ് പെർമിറ്റ് അപേക്ഷകരിൽ നിന്ന് അപേക്ഷ ഫീസ് കുറവായി ഈടാക്കിയതിനാൽ 2,200/- രൂപയുടെ നഷ്ടം	1-12
37	മാർക്കറ്റിലെ കടമുറി KSEB ഓഫീസ് പ്രവർത്തനത്തിന് സൗജന്യമായി വിട്ടുനൽകി.	1-13
38	വാടകത്തുകയിൽ വാർഷിക വർദ്ധനവ് വരുത്താതെ കുറഞ്ഞ നിരക്കിൽ ഈടാക്കി - രേഖകൾ ലഭ്യമാക്കിയില്ല	1-14
39	വാടക - ഭീമായ തുക കുടിശ്ശികയായി നിലനിൽക്കുന്നു	1-15
40	വ്യാപാരത്തിനുള്ള അവകാശം ലേലം ചെയ്ത് പഞ്ചായത്തിന് വരുമാന വർദ്ധനവ് ഉറപ്പാക്കിയില്ല - വ്യാപാരാവകാശം മുൻവർഷത്തെ ലേലക്കാരന് നൽകിയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല	1-16
41	ജി.എസ്.റ്റി തുകകൾ യഥാസമയം സർക്കാർ അക്കൗണ്ടിൽ ഒടുക്കുന്നില്ല	1-17
42	IFTE&OS ലൈസൻസ് ലഭിക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-18
43	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു	1-19
44	ICDS സൂപ്പർവൈസർ നിർവഹിച്ച പ്രോജക്ടിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തി	1-20
45	അങ്കണവാടികളിൽ പോഷകാഹാര പദ്ധതി - അധികമായി അനുവദിച്ച തുക 21,787/- രൂപ നിരാകരിക്കുന്നു	1-21
46	മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യൽ - പദ്ധതി നിർവഹണത്തിന് സ്വകാര്യ വിതരണക്കാരുമായി കരാറിൽ	1-22

	ഏർപ്പെട്ടില്ല	
47	സകർമ്മ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല	1-23
48	തൃണകം വൈക്കോൽ സബ്സിഡി (New) പദ്ധതിയിലെ അപാകങ്ങൾ	1-24
49	കമ്മിറ്റി തീരുമാനം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്	1-25
50	വൗച്ചറുകളുടെ പരിശോധന - അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 46,133/- രൂപ തടസ്സം ചെയ്യുന്നു	1-26
51	തെരുവുവിളക്ക് പരിപാലനം - അപാകതകൾ	1-27
52	അജൈവമാലിന്യം നീക്കം ചെയ്യൽ - വിശദാംശം ലഭ്യമല്ല - 28,880/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-28
53	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 17,95,587/- രൂപ തടസ്സം ചെയ്യുന്നു	1-29
54	ജനപ്രതിനിധികൾക്ക് ക്യാബിൻ നിർമ്മാണം രണ്ടാംഘട്ടം - എഗ്രിമെന്റ് ഷെഡ്യൂളിന്റെ അഭാവത്തിൽ തുക നൽകി	1-30
55	മിനി മാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി -അപാകതകൾ	1-31
56	ഹരിത കർമ്മസേനാഡ്രൈവർക്ക് വേതനമിനത്തിൽ അധിക തുക നൽകി - 4,380/- രൂപ നിരാകരിക്കുന്നു	1-32
57	വാഹനം വാടകയ്ക്ക് എടുത്തതിന്റെ ക്വട്ടേഷൻ/ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 94,033/- രൂപ തടസ്സം ചെയ്യുന്നു	1-33
58	കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് തുക - തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു	1-34
59	ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-35
60	ഗുണഭോക്തൃവിഹിതം - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു	1-36
61	ഫെസ്ററിവൽ അഡ്വാൻസ് - ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്	1-37
62	മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു	1-38
63	B-9 ഷെഡ്യൂൾ പ്രകാരം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുകകൾ തിരിച്ചടവാക്കേണ്ടതാണ്	1-39
64	കാലഹരണപ്പെട്ട തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്	1-40
65	ജലവിതരണം - ബൂസ്റ്റർ പമ്പ് പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്	1-41
66	കുടിവെള്ള ടാങ്ക് വിതരണം - അപാകതകൾ	1-42
67	2018 ലെ പത്രപ്പരസ്യ തുക 2024 ൽ നൽകി	1-43
68	ജലജീവൻ മിഷൻ അവലോകനം	1-44
69	ബഡ്സ് സ്കൂൾ അവലോകനം	1-45
70	ഹെൽത്ത് ഗ്രാന്റ് വിനിയോഗം	1-46
71	ഹരിത ഭവനം പദ്ധതി - അപാകങ്ങൾ	1-47
72	ക്വട്ടേഷൻ ക്ഷണിക്കാതെ - വാഹനം വാടകക്കെടുക്കൽ - അപാകം ആവർത്തിക്കാതിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്	1-48
73	മരുന്നുകൾ ലഭ്യമായില്ല - 34,595/- രൂപയുടെ ചെലവ് തടസ്സം	1-49

	ചെയ്യുന്നു	
74	പാരമെഡിക്കൽ സ്റ്റാഫ് നിയമനം - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല	1-50
75	ഇൻഷുറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല	1-51
76	കരാർ ചമക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല	1-52
77	ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-53
78	ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല - 75,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു	1-54
79	മുൻ വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ തുമ്പൂർമുഴി ഉപയോഗക്ഷമമാക്കാതെ തൻവർഷം അതേ സ്ഥലത്ത് വീണ്ടും പുതിയ യൂണിറ്റ് നിർമ്മിച്ചു	1-55
ഭാഗം 2		
1	പെർമിറ്റ് അപേക്ഷ ഫീസ് തെറ്റായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 2,200/- രൂപയുടെ നഷ്ടം	2-1
ഭാഗം 3		
1	ഹരിത കർമ്മസേനാ ഡ്രൈവർക്ക് വേതനമിനത്തിൽ അധിക തുക നൽകി - 4,380/- രൂപ നിരാകരിക്കുന്നു	3-1
2	അങ്കണവാടികളിൽ പോഷകാഹാര പദ്ധതി - അധികമായി അനുവദിച്ച തുക 21,787/- രൂപ നിരാകരിക്കുന്നു	3-2
ഭാഗം 4		
1	മെഡിസെപ്പ് അവലോകനം	4-1
2	സംയുക്ത പ്രോജക്ടുകൾ	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പാങ്ങോട്** ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.07.2025 തീയതിയിലെ 1(4) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 23.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ (പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ), ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ (അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ) എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം

സമർപ്പിച്ചിട്ടില്ല. ILGMS Software-ൽ ടി റിപ്പോർട്ടുകൾ ലഭ്യമല്ലാത്തതിനാലാണ് അപാകത ഉണ്ടായതെന്നാണ് ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. IKM-മായി ബന്ധപ്പെട്ട് വരും വർഷങ്ങളിൽ അപാകത പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories)-ൽ **0** ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. Inventory രേഖപ്പെടുത്തുന്ന രീതിയിൽ ILGMS-ൽ ഓപ്ഷൻ ഇല്ലായെന്നാണ് ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. IKM-മായി ബനധപ്പെട്ട് വരും വർഷങ്ങളിൽ അപാകത പരിഹരിക്കേണ്ടതാണ്.

1-1-3 വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഐ.എൽ.ജി.എം.എസ്. പ്രസ്തുത ഷെഡ്യൂൾ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/തീ.17.12.2025) മറുപടി നൽകി. IKM-മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

1-1-4 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Traders	

ഡിമാന്റ് ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും ലഭിക്കുന്ന മുറയ്ക്കാണ് ജേണൽ എൻട്രി വരുത്തുന്നതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്.

1-1-5 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധന ചെലവ്) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ലയബിലിറ്റി ഹെഡ്ഡിൽ ജീവനക്കാരുടെ ശമ്പളം രേഖപ്പെടുത്തുന്നതിന് മാത്രമേ നിലവിൽ സൗകര്യം

ഉള്ളൂവെന്നാണ് ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഐ.കെ.എം.-മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

1-1-6 ബാങ്ക് സ്റ്റേറ്റ്മെന്റ്/ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

RP(40b) പ്രകാരം നീക്കിയിരിപ്പുള്ള State Bank Of India (Account No. 57058771757), Sub Treasury Nedumangad (Account No. 702031400000008) എന്നിവയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റുകൾ/ ട്രഷറി സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

I) B-4 Schedule പ്രകാരം Literacy Scheme Grant എന്ന ശീർഷകത്തിൽ 3,13,462/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 3,10,855/- രൂപയാണ്. 2019-20 മുതലുള്ള വ്യത്യാസം ആണിതെന്നും സാംഖ്യ സോഫ്റ്റ്വെയർ നിലവിൽ ലഭ്യമല്ലാത്തതിനാൽ വ്യത്യാസം പരിശോധിക്കാൻ കഴിയില്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അടുത്ത വർഷത്തെ എ.എഫ്.എസ്.-ൽ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Ii) B-2 Schedule പ്രകാരം Panchayat Distress Relief Fund എന്ന ഇനത്തിൽ 24,950/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 5,828/- രൂപയാണ്. ദുരിതാശ്വാസ ഫണ്ടിൽ വ്യത്യാസം ഉള്ള 19,122/- രൂപ തനത് ഫണ്ടിൽ ആണ് അടവാക്കിയതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധി തനത് ഫണ്ടിൽ അടവാക്കിയത് ശരിയായ നടപടിയല്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Iii) B-4 Schedule പ്രകാരം Joint Venture എന്ന ഇനത്തിൽ (ജില്ല പഞ്ചായത്ത്,ബ്ളോക്ക് പഞ്ചായത്ത്-ക്യാപിറ്റൽ,റവന്യൂ ചെലവുകൾ) 24,43,695/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് **0** രൂപയാണ്. അക്കൗണ്ട് Redumption നടത്തിയതിനാലാണ് അക്കൗണ്ട് സീറോ ബാലൻസ് ആയതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 8)ന് ലഭ്യമാക്കിയ മറുപടി.

1-1-8 സ്ഥിരനിക്ഷേപം - എ.എഫ്.എസ്.-ലെ രേഖപ്പെടുത്തൽ നിക്ഷേപ സർട്ടിഫിക്കറ്റുമായി പൊരുത്തപ്പെടുന്നില്ല

B-12 Schedule – Investments Fixed Deposits പ്രകാരം 1,07,73,268/- രൂപ നീക്കിയിരിപ്പുണ്ട്. ലഭ്യമാക്കിയിട്ടുള്ള F.D. Certificate പ്രകാരം 21.07.2023ൽ 7.25% പലിശ നിരക്കിൽ 15 മാസത്തേയ്ക്ക് 1,00,00,000/- രൂപ നിക്ഷേപിക്കുകയും Maturity Date ആയ 21.10.2024ൽ Maturity Value 1,09,39,702/- രൂപയുമാണ്. നിലവിലുള്ള F.D. Certificate പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

Effective Date	Interest Rate	Period	Repayable On	Deposit Value (Rs.)	Maturity Value (Rs.)
21.10.2024	7.05	15 Months	21.01.2026	1,09,39,702.00	1,19,38,351.00

പ്രസ്തുത ഹെഡ്ഡിന്റെ ലഡ്ജർ പ്രകാരം 31.03.2025ൽ 7,73,268/- രൂപയാണ് പലിശ ഇനത്തിൽ ജേണൽ ചെയ്തിരിക്കുന്നത്. 21.10.2024ൽ തന്നെ സ്ഥിര നിക്ഷേപത്തിന് 1,09,39,702/- രൂപ Maturity Value ഉണ്ടായിരിക്കെ എ.എഫ്.എസ്.-ൽ 1,07,73,268/- രൂപ മാത്രം രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. സ്ഥിര നിക്ഷേപ രജിസ്റ്റർ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 8)ന് ബാങ്കിൽ നിന്ന് അറിയിച്ച തുകയാണ് പലിശയായി രേഖപ്പെടുത്തിയതെന്നും വ്യത്യാസം തൻവർഷം പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-9 വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

Prior Period Income – Property Tax എന്ന ഹെഡ് മുഖേന 41,638/- രൂപ വസ്തു നികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. Receivables For Property Tax On Non – Residential Buildings (Arrears) - Excess Arrear Demand Tower Demolished എന്ന് രേഖപ്പെടുത്തി പ്രസ്തുത തുക 31.03.2025ൽ ജേണൽ ചെയ്തിരിക്കുകയാണ്. ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

1-1-10 വാടക കുടിശ്ശിക - ഡിമാന്റിൽ നിന്ന് നടപടിക്രമങ്ങൾ പാലിക്കാതെ ഒഴിവാക്കി

Income & Expenditure സ്റ്റേറ്റ്മെന്റിലെ Prior Period Income - Recovery Of Revenues Written Off - Rent From Buildings എന്ന ഹെഡ് പ്രകാരം 3,74,964/- രൂപ 31.03.2025ൽ ഡെബിറ്റ് സൈഡിൽ ജേണൽ ചെയ്തിട്ടുണ്ട്. ടി ജേണൽ വൗച്ചറിനെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8)ന് സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1998ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ കഴിയാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങൾ ചട്ടം 3(3) പ്രകാരം ഗ്രാമപഞ്ചായത്തിന് എഴുതിത്തള്ളാൻ കഴിയുന്ന പരമാവധി തുക 1,000/- രൂപ മാത്രമാണ്. തുക പരമാവധിയിൽ കൂടുതലാണെങ്കിൽ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടേയും സർക്കാരിന്റേയും അംഗീകാരം ആവശ്യമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-11 ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം നീക്കിയിരിപ്പുള്ള തുക ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് ഹെഡ് കോഡ് നം. 431910201 പ്രകാരം Out Door Collection Control Account പ്രകാരം 2,500/- രൂപ ക്രഡിറ്റ് സൈഡിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. മേൽ തുക ജനറൽ ലഡ്ജർ ട്രയൽ ബാലൻസിന്റെ ക്രഡിറ്റ് സൈഡിൽ ഉൾപ്പെട്ടതിന്റേയും എ.എഫ്.എസ്-ന്റെ ഷെഡ്യൂളിൽ ഉൾപ്പെടാത്തതിന്റേയും കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8)ന് ഔട്ട് ഡോർ രസീത് പ്രകാരം കടകൾ പരിശോധിച്ചതിൽ ഫൈൻ തുക ഈടാക്കിയതാണ് 2,500/- രൂപയെന്നും റിപ്പോർട്ടുകൾ Software ജനറേറ്റഡ് ആയതിനാൽ പ്രസ്തുത വ്യത്യാസം ഐ.കെ.എം.-ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-12 B-5 Schedule പ്രകാരമുള്ള തുകയും ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

എ.എഫ്.എസ്. B-5 ഷെഡ്യൂൾ പ്രകാരം ലോണിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകകൾ ലഭ്യമാക്കിയ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ-

മുന്നിരിപ്പ് 2023-24 വർഷത്തെ എ.എഫ്.എസ്	വരവ് ലോൺ രജിസ്റ്റർ	എ.എഫ്. എസ്. RP-31 Schedule	ആകെ മുന്നിരിപ്പ് + ലോൺ	തിരിച്ചടവ് സുലേഖ പ്രകാരം	നീക്കിയിരിപ്പ് B-5 Schedule പ്രകാരം	നീക്കിയിരിപ്പ് വരേണ്ടത് (ലഭ്യമാക്കിയ

B-5 Schedule പ്രകാരം	പ്രകാരം	പ്രകാരം	രജിസ്റ്റർ പ്രകാരമുള്ള വരവ്			രേഖകൾ (പ്രകാരം)
രൂ.3,46,37,708	രൂ.96,73,093	രൂ.94,56,981	രൂ.4,43,10,801	രൂ.36,44,700	രൂ.4,04,49,989	രൂ.4,06,66,101

ഇപ്രകാരം എ).എഫ്.എസ്.-മായി ലഭ്യമാക്കിയ രേഖകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8)ന് ലോൺ രജിസ്റ്ററിൽ ബാങ്ക് ഇന്ററസ്റ്റ് ഉൾപ്പെടെയുള്ള വരവ് രേഖപ്പെടുത്തിയതിനാലാണ് 2,16,112/- രൂപയുടെ വ്യത്യാസം ഉണ്ടായതെന്നും രജിസ്റ്റർ കറക്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-13 പാർട്ട് ബിൽ പേയ്മെന്റ് ഉണ്ടായിരിക്കെ B-11(b)-യിൽ (Capital Work In Progress) ൦ ആയി രേഖപ്പെടുത്തിയിരിക്കുന്നു

A. E. സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 16,05,713/- രൂപയുടെ പാർട്ട് ബിൽ പേയ്മെന്റ് 2024-25 വർഷം നടത്തിയിട്ടുണ്ട്. എന്നാൽ B-11(b) ഷെഡ്യൂൾ പ്രകാരം (Capital Work In Progress) **0** ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 8)ന് പാർട്ട് ബിൽ ഡീറ്റയിൽസ് എ. ഇ. ലഭ്യമാക്കാത്തതിനാലാണ് **0** ആയി രേഖപ്പെടുത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-14 MNREGS Administrative Expense ആയി AFS-ൽ രേഖപ്പെടുത്തിയിരിക്കുന്ന തുക MNREGS ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ I-14(F) Schedule പ്രകാരം MGNREGS Administrative Expense ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 20,60,802/- രൂപയാണ്. എന്നാൽ MGNREGS ക്യാഷ് ബുക്ക് പ്രകാരം ആകെ ചെലവ് 19,91,016.9 രൂപയാണ്, അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റേഷനറി,ടാർപ്പോളിൻ എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 69,783/- രൂപയാണ് വ്യത്യാസമായി വന്നിട്ടുള്ളതെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 8)ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-15 വാർഷിക ധനകാര്യ പത്രിക I(14D) പ്രകാരം ക്ഷേമപെൻഷൻ നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ DBT Statement-മായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക I(14D) പ്രകാരം ക്ഷേമ പെൻഷൻ നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ DBT Statement-മായി പൊരുത്തപ്പെടുന്നില്ല.

	AFS പ്രകാരം (രൂ.)	DBT Statement പ്രകാരം (രൂ.)
National Oldage Pension	4,52,11,000	4,52,63,200
Widow Pension	2,92,11,700	2,96,02,900
Pensionfor Physically Challenged /Mentally Challenged	67,37,800	67,39,900
Financial Help For Widows Daughters Marriage	50,000	---

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8 ന് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയ സമയത്ത് DBT Statement പ്രകാരമാണ് വരവ് രേഖപ്പെടുത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിശോധിച്ച് പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-16 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ-

ഇനം	ഡിമാന്റ് (രൂ.)		കളക്ഷൻ (രൂ.)		ബാലൻസ് (രൂ.)	
	AFS പ്രകാരം	രജിസ്റ്റർ പ്രകാരം	AFS പ്രകാരം	രജിസ്റ്റർ പ്രകാരം	AFS പ്രകാരം	രജിസ്റ്റർ പ്രകാരം
Rent From Buildings	13,37,348	1,18,454	12,92,338	1,15,587	45,010	2,867
Property Tax (Non Residential) Current	19,12,704	19,12,704	18,51,123	18,35,345	51,877	49,392
Property Tax (Residential) Currnet	19,53,978	19,53,978	19,63,386	19,31,462	15,814	15,050

ലൈസൻസ്, ലേലം എന്നിവയിൽ DCB പത്രിക എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ എ.എഫ്.എസ്.-മായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 58/തീ.30.12.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-17 Cheque Issued But Not Cleared ആയി രേഖപ്പെടുത്തിയിട്ടുള്ള തുക നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല

Indian Overseas Bank-ന്റെ മാർച്ച് 2025-ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം താഴെപ്പറയുന്ന തുകകൾ Cheque Deposited But Not Cleared എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ-

വൗച്ചർ നം./തീയതി	ചെക്ക് നം./തീയതി	തുക (രൂ.)
1230401075/29.07.2023	457283/22.07.2023	96,000
1240402666/24.10.2024	470659/30.09.2024	3,500
1240402667/24.10.2024	470659/30.09.2024	1,250

പ്രസ്തുത ചെക്കുകൾ പണമാക്കി മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 58/തീ.30.12.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-18 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം - മുൻ വർഷം ലഭിച്ച ഗ്രാന്റുകളിൽ നിന്നും ചെലവഴിച്ച തുക നീക്കിയിരിപ്പിൽ നിന്നും കുറവ് ചെയ്തില്ല

2023-24, 2024-25 വാർഷിക ധന കാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതമിനത്തിലെ നീക്കിയിരിപ്പ് താഴെ ചേർക്കുന്നു.

	ഹെഡ് കോഡ്	2023-24	2024-25
ബ്ലോക്ക് പഞ്ചായത്ത്	320700204	12,20,121	12,20,121
	320700404	5,00,000	5,00,000
	ആകെ	**17,20,121/-**	**17,20,121/-**

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം തൻ വർഷം ബ്ളോക്ക് പഞ്ചായത്തിൽ നിന്നുള്ള ചെലവ് 20,45,204/- ആണ്. 2024-25 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ബ്ളോക്ക് പഞ്ചായത്ത് ചെലവ് 25,45,204/- രൂപയാണ്. 2023-24 വർഷം ലഭ്യമായ നീക്കിയിരിപ്പ് തുകയിൽ നിന്നും തൻ വർഷം ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 5,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവ് 2024-25 വർഷത്തെ മേൽ പറഞ്ഞ ഇനത്തിന്റെ നീക്കിയിരിപ്പിൽ നിന്നും കുറവ് ചെയ്യാതെ 2023-24 വർഷത്തെ അതേ നീക്കിയിരുപ്പ് തുക തന്നെയാണ് 2024-25 വർഷത്തെ വാർഷിക ധന കാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

	ബജറ്റ്	പുതുക്കിയ ബജറ്റ്
അംഗീകരിച്ച തീയതി	**13.02.2024**	**27.02.2025**
ഭരണസമിതി തീരുമാനം	**1(1)**	**1(14)**
മുന്നിരിപ്പ്	₹85,41,046	₹6,17,885
പ്രതീക്ഷിത വരവ്	₹37,59,41,000	₹36,50,79,242
ആകെ	₹38,44,82,046	₹36,56,97,127
പ്രതീക്ഷിത ചെലവ്	₹37,90,66,820	₹34,17,74,543
നീക്കിയിരിപ്പ്	₹54,15,226	₹2,39,22,584

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	രൂ.3,12,15,828.00
വരവ്	രൂ.8,81,95,257.00
ആകെ	രൂ.11,94,11,085.00
ചെലവ്	രൂ.7,30,60,749.00
നീക്കിയിരിപ്പ്	രൂ.4,63,50,336.00

1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

ഹെഡ് കോഡ്	തുക (₹)
320100162	9,059
320100181	9,26,102
320100197	3,13,462
320100198	24,31,673
320100199	20,000
320700105	2,34,953
320700204	12,20,121
320700205	3,08,621
320700404	5,00,000
320700405	1,80,000
320800101	8,51,509

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ നിലവിൽ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് കാരണവും മേൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും

വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട തുക (₹)	അടങ്കൽ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവ് ശതമാനം (%)
വനിത ഘടക പദ്ധതി	36,76,220	60,37,263	22,63,101	37.5
കുട്ടികൾ,ഭിന്നശേഷിയുള്ളവർ	18,38,110	28,53,262	21,90,284	77
വൃദ്ധർ((പാലിയേറ്റീവ് കെയർ ഉൾപ്പെടെ)	18,38,110	27,91,430	25,24,421	90.4

4) വിവിധ ഫണ്ട് ഇനത്തിൽ, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

ഫണ്ട്	എ.സി.ആർ പ്രകാരം ചെലവ് (₹)	വാർഷിക ധനകാര്യ പത്രിക പ്രകാരം (₹) (I6+corresponding Capital Contribution)
വികസനഫണ്ട് (ജനറൽ)	2,72,28,049	3,32,15,585
വികസനഫണ്ട് (എസ്.സി.പി)	90,31,480	1,03,96,000
മെയിന്റനൻസ് ഫണ്ട് റോഡ്	38,00,970	33,66,632
വികസനഫണ്ട് (ടി.എസ്.പി)	2,65,772	20,23,000

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 44/29.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (രൂ)	വരവ് (രൂ)	ആകെ (രൂ)	ചെലവ് (രൂ)	നീക്കിയിരിപ്പ് (രൂ)
വികസനഫണ്ട് (ജനറൽ)	0	2,75,80,086	2,75,80,086	3,00,76,963	-24,96,877
വികസനഫണ്ട് (എസ്.സി.പി)	0	30,31,480	30,31,480	1,03,96,000	-13,64,520
വികസനഫണ്ട് (ടി.എസ്.പി)	0	11,90,134	11,90,134	20,23,000	-8,32,866
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-UnTied)	0	51,27,483	51,27,483	74,90,436	-23,62,953
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied)	0	1,21,51,580	1,21,51,580	38,00,970	83,50,610
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	82,95,000	82,95,000	76,12,146	6,82,854
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	1,66,17,000	1,66,17,000	1,53,62,911	12,54,089
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	29,73,012	-29,73,012
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	25,45,000	-25,45,000

*സോഴ്സ് ഡിഡക്ഷൻ തുക വികസന ഫണ്ട് ജനറൽ, എസ് സി പി ഇനങ്ങളിൽ വരവായി ചേർത്തിട്ടില്ല.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (സുലേഖ ചെലവ് പത്രിക പ്രകാരം).

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ.) (വായ്പ/ ഗുണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ് (രൂ.) (വായ്പ/ ഗുണഭോക്തൃ വിഹിതം ഒഴികെ)	ചെലവു ശതമാനം
സെക്രട്ടറി	47	37	10	1,97,61344	1,45,50,155	73.62
അസിസ്റ്റന്റ് സെക്രട്ടറി	25	17	8	68,37,530	32,40,991	47.40
അസിസ്റ്റന്റ് എഞ്ചിനീയർ	102	73	29	6,87,25,424	3,78,10,346	55.01
കൃഷി ഓഫീസർ	17	17	0	20,89,786	18,03,066	86.27
വി.ഇ.ഒ. 1	15	13	2	3,96,11,236	1,72,14,528	43.45
വി.ഇ.ഒ. 2	18	13	5	3,48,53,875	60,29,973	17.30
വെറ്റിനറി സർജൻ	8	8	0	29,83,200	25,01,700	83.85
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	27	25	2	81,34,277	72,92,768	89.66
എച്ച്.എം.	8	8	0	21,22,490	18,35,453	86.47
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	14	14	0	50,41,067	38,13,233	75.64
മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	0	14,25,000	14,25,000	100
ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	0	34,75,136	26,72,913	76.91
ആകെ	**289**	**232**	**57**	**19,50,60,165**	**10,01,90,126**	51.36

(ബി) ആകെ വരവ് ചെലവ്

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ശതമാനം
വികസന ഫണ്ട് - പൊതുവിഭാഗം (ജനറൽ)	3,86,20,400	30076963	77.87
വികസന ഫണ്ട് – എസ്.സി.പി.	1,36,58,795	10,396000	76.11
വികസന ഫണ്ട് – ടി.എസ്.പി.	29,0,34,26	20,23,000	69.67
ധനകാര്യ കമ്മിഷൻ അവാർഡ്	2,19,61,326	1,12,91,406	51.41
കേന്ദ്രാവിഷ്കൃത ഫണ്ട്	2,06,69,789	29,73,012	14.38
സംസ്ഥാനാവിഷ്കൃത ഫണ്ട്	2,65,60,000	25,45,000	9.58
തനത് ഫണ്ട്	2,26,52,556	1,39,61,673	61.63
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	92,76,886	25,45,204	27.43
മറ്റ് ജില്ലാ പഞ്ചായത്ത്	82,50,750	11,22,644	13.60
മെയിന്റനൻസ് റോഡ്	1,95,39,596	1,53,62,911	78.62
മെയിന്റനൻസ് നോൺ റോഡ്	97,49,534	76,12,146	78.07

മറ്റുള്ളവ	4,78,35,128	89,19,467	18.64

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ.) (വായ്പ /ഗുണഭോക്തൃ വിഹിതം എന്നിവ ഒഴികെ)	ആകെ പദ്ധതി ചെലവ് (രൂ.) (വായ്പ / ഗുണഭോക്തൃ വിഹിതം എന്നിവ ഒഴികെ)	ചെലവ് ശതമാനം
289	232	57	19,50,60,165	10,01,90,126	51.36

1-6 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
വാർദ്ധക്യകാല പെൻഷൻ	4,52,11,000
കർഷക തൊഴിലാളി പെൻഷൻ	70,90,800
വിധവപെൻഷൻ	2,92,11,700
50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3,79,000
വികലാംഗ പെൻഷൻ	67,37,800
മിശ്രവിവാഹത്തിനുള്ള ധനസഹായം	50,000

*ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കിയില്ല.

1-7 കാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 27.12.2025 തീയതിയിൽ 3.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോാസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 938/- (തൊള്ളായിരത്തി മുപ്പത്തിയെട്ടു) രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. സ്യൂട്ട് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.
ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ നിലവിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.
വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1-9-1 കയർ ഭൂവസ്ത്രം - അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ് മുഖേന നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിൽ കയർ

ഭൂവസ്ത്രം കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിരിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്ന് ഇൻവോയിസ് നം. CG-23-24/103/16.05.2023 പ്രകാരം കയർ ഭൂവസ്ത്രം 4000 ചതുരശ്ര മീറ്റർ ജി.എസ്.ടി ഉൾപ്പെടെ 2,94,002.10 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഒരു റോൾ 50 ചതുരശ്രമീറ്ററാണെന്ന് എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പേജ് നം, 30,31 എന്നിവ പ്രകാരം ആകെ 76 റോൾ കയർഭൂവസ്ത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ((76X50=3800ച.മീ). 4000 ച.മീ കയർ ഭൂവസ്ത്രം വാങ്ങിയിരിക്കെ 3800ച.മീ കയർ ഭൂവസ്ത്രം മാത്രം വിതരണം ചെയ്തതിന്റെ കാരണവും ബാക്കി കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് വിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശവും ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/29.12.2025 ന് സൈറ്റിൽ 4 റോൾ കയർ ഭൂവസ്ത്രം ഇടുകയും എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 1 റോൾ ആയിട്ടുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും 4000 ച.മീ കയർ ഭൂ വസ്ത്രം വാങ്ങുകയും മുഴുവനായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4 റോൾ കയർ ഭൂ വസ്ത്രം വിതരണം ചെയ്ത ശേഷം 1 റോൾ ആയിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് എന്ന മറുപടി സ്വീകാര്യമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

2. കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്ന് ഇൻവോയിസ് നം. CG-23-24/103/16.05.2023 പ്രകാരമുള്ളതിൽ 75 രൂപ യഥാർത്ഥ നിരക്കിൽ നിന്ന് 6.666% ഡിസ്ക്കൗണ്ട് വരുത്തി ജി.എസ്.ടി ഉൾപ്പെടെ 294002.10 രൂപയാണ് സ്ഥാപനം ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ കയർ ഭൂവസ്ത്രം വിരിച്ച വിവിധ പ്രവൃത്തികൾ പരിശോധിച്ചതിൽ എപ്രകാരമാണ് തുക കണക്കാക്കി കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷന് നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല. വിവിധ പ്രവൃത്തികളിൽ വിവിധ നിരക്കിലാണ് റേറ്റ് കണക്കാക്കിയിരിക്കുന്നത്. ഉദാഹരണം ചുവടെ

Work Code	NREGA സൈറ്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന കയർ ഭൂവസ്ത്രത്തിന്റെ യൂണിറ്റ് വില (രൂ)	NREGA സൈറ്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അളവ്	ബിൽ നം.	തുക (രൂ)
1614009005/WC/564250	200/-	76.5	1/21.08.2024	15,300/-
1614009005/WC/560821	15,435/-	1	256/28.01.2025	15,435/-

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50/29.12.2025 ന് എസ്റ്റിമേറ്റ് പ്രകാരമുള്ള റേറ്റിനാണ് കയർ ഭൂവസ്ത്രത്തിന് കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിന് തുക നൽകിയിട്ടുള്ളതെന്നും വരും വർഷങ്ങളിൽ ബിൽ റേറ്റിന് മാത്രം തുക നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി NREGA Site ലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. എത്ര രൂപ നിരക്കിലാണ് കയർ ഭൂ വസ്ത്രത്തിന് നിരക്ക് കണക്കാക്കി കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷന് നൽകിയിരിക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-9-2 കരാറുകാർ-ജി.എസ്.ടി ഒടുക്കിയിട്ടില്ല

മിഷൻ ഡയറക്ടറുടെ 30.07.2019 ലെ നം.957/ ഇ.ജി.എസ്.സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം GST തുക ഉറവിടത്തിൽ കുറവ് ചെയ്യുന്നതിന് എം.ഐ.എസിൽ സൗകര്യം ലഭിക്കുന്നത് വരെ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക വെണ്ടർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും, അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കപ്പെടുന്ന GST തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ GST വകുപ്പിൽ യഥാസമയം അടവാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന

പ്രവൃത്തികളിൽ കരാറുകാർ GST TDS ഇനത്തിൽ തുക അടവാക്കാൻ അവശേഷിക്കുന്നു

ക്രമ നം.	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	ആകെ മെറ്റീരിയൽ തുക (രൂ) (ജി.എസ്.ടി ഒഴികെ)	ജി.എസ്.ടി ടി ഡി എസ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക (രൂ)
1	എൽ.പി.എസ്സ് -വാഴമൂല മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,24,972.73	8,499.455
2	അയിരൂർ തെക്കേകര മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	3,68,664.51	7,373.29
3	നാലുമുക്ക് രാമരശ്ശേരി മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,24,350.63	8,487.013
4	അംഗൻവാടി മാധവൻ കരിക്കകം മൺതടംകോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,29,578.81	8,591.576
5	തേമ്പാംകുഴി മൺ തടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,32,247.62	8,644.952
6	പുളിക്കര കൊച്ചാലും മൂട് മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,28,722.61	8,574.452
7	പാകിസ്ഥാൻമുക്ക് പണിക്കൻ വിള മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,31,915.40	8,638.308
8	ഊറാൻകുഴി നാലുസെൻറ് കോളനി മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,28,517.24	8,570.345
9	മൂലപ്പേഴ് വലിയവേങ്കാട് മൺതടം കോൺക്രീറ്റിംഗ്	മുഹമ്മദ് അബ്ബാദ് അൻവർ	4,19,955.99	8,399.12
10	പാലുവള്ളി കാഞ്ചിനട തടം കോൺക്രീറ്റ് നിർമ്മാണം	മുഹമ്മദ് അബ്ബാദ് അൻവർ	4,35,613.74	8,712.275
11	പാലുവള്ളി തലയ്ക്കൽ തടം കോൺക്രീറ്റ് നിർമ്മാണം	മുഹമ്മദ് അബ്ബാദ് അൻവർ	4,24,506.30	8,490.126
12	പാങ്ങോട് വാർഡിൽ ഉളിയൻകോട് അംഗൻവാടി നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	8,71,512.46	17,430.25
13	കുളമാൻകുഴി അംഗൻ വാടി മുണ്ടോണിക്കര തടം കോൺക്രീറ്റ് നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,34,325.13	8,686.503
14	പഴവിള പുലിപ്പാറ അംഗൻവാടി തടം കോൺക്രീറ്റ് നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	2,88,507.42	5,650.148

15	ളിയൻ കോട് വാറുവിള മൺതടം കോൺക്രീറ്റ് നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,34,167.47	8,683.349
16	ചേന്നാട് തലക്കുളം മൺതടം കോൺക്രീറ്റ് നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,38,688.64	8,773.773
17	വെള്ളയംദേശം മുത്തിക്കാവ് കുന്നുംപുറം മൺതടം കോൺക്രീറ്റ് നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,42,878.21	8,857.564
18	പാലു വള്ളി പട്ടോണം മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	3,25,659.77	6,513.195
19	കുറവൻകോണം തോട്ടുംപുറം മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,33,504.10	8,670.082
20	പാലുവള്ളി കാഞ്ചിനട മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,28,383.11	8,567.662
21	വലിയവേങ്കാട് മൂലപ്പേഴ് മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,28,309.77	8,566.195
22	മൂന്ന് മുക്ക് വെട്ടിപ്പൊത്തിലവ് മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,30,084.34	8,601.687
23	കല്ലുവാഴക്കുന്ന് പാലോട്ടുകോണം മൺതടം നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,29,423.40	8,585.468
24	തലക്കുളം മാറനാട് മൺതടം നിർമ്മാണം	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	2,24,750.06	4,495.001
25	പാങ്ങോട് സൊസൈറ്റി മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,32,122.58	8,642.452
25	എസ്.പി ഹോസ്പിറ്റൽ മൺതടം നിർമ്മാണം മൈലമൂട് തേക്ക്മുക്ക് കോലിഞ്ചി മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	3,70,551.46 4,36,510.36	7,411.029 8,730.207
27	മൈലമൂട് അടപ്പുപാറ മൺതടം കോൺക്രീറ്റിംഗ്	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ	4,26,184.28	8,523.686
28	കൈതപ്പച്ച മാവുനിന്നപച്ച മൺതടം കോൺക്രീറ്റ് നിർമ്മാണം	ജസീറ	4,12,725.05	8,254.501
29	മൈലമൂട്	ജസീറ	4,14,425.90	8,288.518

	ചെപ്പുമുക്ക്കോലിഞ്ചി മൺതടം കോൺക്രീറ്റ് നിർമ്മാണം			
30	വിബിഐ കക്കോട്ട് കുന്ന് മൺതടം കോൺക്രീററ് നിർമ്മാണം	ജസീറ	4,17,766.50	8,349.33
31	കല്ലുമല തേമ്പാംകുഴി മൺതടം കോൺക്രീറ്റ് നിർമ്മാണം	ജസീറ	4,45,530.80	8,910.616
32	ലെനിൻകുന്ന് അംഗൻവാടി മൺതടം കോൺക്രീറ്റ് നിർമ്മാണം	ജസീറ	4,46,476.30	8,929.528
33	കൊച്ചാലുംമൂട് ഹെൽത്ത് സെൻറർ കൊച്ചുളിയൻ കോട് മൺതടം കോൺക്രീറ്റ് നിർമ്മാണം	ജസീറ	4,43,526.50	8,870.53
34	കൊല്ലം വിളാകം മരുതമൺ മൺതടം കോൺക്രീറ്റ് നിർമ്മാണം	ജസീറ	4,19,062.35	8,381.247

(അവലംബം ഓഡിറ്റ് എൻക്വയറി നം. 41 ന് ലഭ്യമാക്കിയ മറുപടി) ജി.എസ്.ടി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതും ആയത് അടവാക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-9-3 ദർഭവിള തൈക്കാവ് മൺതടം കോൺക്രീറ്റിംഗ് - അപാകതകൾ

പ്രവൃത്തിയുടെ പേര്	ദർഭവിള തൈക്കാവ് മൺതടം കോൺക്രീറ്റിംഗ്
വർക്ക് കോഡ്	RC/388513
Mbook No.	314/23-24
Agreement No	എഗ്രിമെന്റ് രേഖപ്പെടുത്തിയിട്ടില്ല. തീയതി 27.01.2023
കരാറുകാരൻ	ജയപ്രസാദ്. വി.ജി
ഭരണാനുമതി തുക	രൂ.5,00,000/-

എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം പ്രസ്തുത പ്രവൃത്തി 1.3.2024 ൽ ആരംഭിക്കുകയും 8.3.2024 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ (കൈ) നം, 93/2012/lsgd Dated 31.03.2012 പ്രകാരം വിതരണക്കാരൻ സ്റ്റാക്ക് ചെയ്ത മെറ്റീരിയൽ സംബന്ധിച്ച രേഖപ്പെടുത്തൽ എം.ബുക്കിൽ വരുത്തേണ്ടതാണ്. അപ്രകാരമുള്ള രേഖപ്പെടുത്തൽ എം.ബുക്കിൽ വരുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലും എം.ബുക്കിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

ഇനം	സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തൽ	എം. ബുക്ക് പ്രകാരമുള്ള രേഖപ്പെടുത്തൽ
Stone Aggregate 20mm	36.1800 M^3	38.364 M^3
Stone 20mm	11.8800 M^3	12.58 M^3
Coarse Sand	24.0300 M^3	25.48 M^3

Cement	347 Bag	347

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതായി എംബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് എപ്രകാരമാണെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.24/തീ.28.10.2025) ന് വിതരണക്കാരൻ സൈറ്റിൽ ഇറക്കിയ മെറ്റീരിയലിന്റെ അളവാണ് എം.ബുക്കിലെ സ്റ്റോക്കിൽ രേഖപ്പെടുത്തിയതെന്നും എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിന് മാത്രമാണ് ബില്ല് എഴുതി തയ്യാറാക്കിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രവൃത്തിയ്ക്ക് യഥാർത്ഥത്തിൽ ഉപയോഗിച്ച മെറ്റീരിയലിന് മാത്രമാണ് വെണ്ടർക്ക് തുക നൽകേണ്ടതെന്നിരിക്കെ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിനാണ് തുക നൽകിയതെന്ന മറുപടി വിശദീകരിക്കേണ്ടതാണ്.

2. സ.ഉ(കൈ)നം.93/2012/lsgd Dated 31.03.2012 പ്രകാരം സാധനസാമഗ്രികൾ സൈറ്റിൽ വിതരണക്കാരനിൽ നിന്നും എഞ്ചിനീയർ ഏറ്റു വാങ്ങി മേറ്റിന് കൈമാറുന്ന വേളയിൽ മേറ്റ് സാധന സാമഗ്രികൾ ഏറ്റു വാങ്ങുന്നതിന്റെ ഫോട്ടോ നിർബന്ധമായി ഏറ്റു വാങ്ങേണ്ടതും ആയത് എം.ഐ.എസിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം എഞ്ചിനീയറുടെ പക്കൽ നിന്നും സാധനസാമഗ്രികൾ ഏറ്റു വാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റ് രസീത് മേയ്റ്റ് ഒപ്പിട്ട് എഞ്ചിനീയറുടെ മേലൊപ്പോടു കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അത്തരത്തിലുള്ള കൈപ്പറ്റ് രസീത് ഫയലിനോടൊപ്പം ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് ഭാവിയിൽ അപാകതകൾ ഒഴിവാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും 28.03.2023 ലാണ് ലഭിച്ചതായി കാണുന്നത്. 8.5.2023 ലെ 6/1 നം. ഭരണസമിതി തീരുമാന പ്രകാരമാണ് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ശ്രീ. ജയപ്രസാദ് എന്നയാളുടെ ടെണ്ടർ അംഗീകരിച്ചതായി കാണുന്നത്. 28.03.2023 ൽ മാത്രം സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിക്കുകയും 8.5.2023 ൽ മാത്രം ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും ചെയ്ത പ്രവൃത്തിയിൽ എപ്രകാരമാണ് വെണ്ടറുമായി 27.01.2023 ൽ കരാറിലേർപ്പെട്ടതെന്ന് വ്യക്തമല്ല. എഗ്രിമെന്റ് ടൈപ്പ് ചെയ്തപ്പോൾ വന്ന വീഴ്ചയാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-9-4 പാങ്ങോട് സൊസൈറ്റി മൺതടം കോൺക്രീറ്റ് - വെണ്ടർക്ക് മെറ്റീരിയൽ തുക നൽകിയത് എപ്രകാരമാണെന്ന് വ്യക്തമല്ല

പ്രവൃത്തിയുടെ പേര്	പാങ്ങോട് സൊസൈറ്റി മൺതടം കോൺക്രീറ്റ്
വർക്ക് കോഡ്	RC/388368
Mbook No.	281/23-24
കരാറുകാരൻ	ജയപ്രസാദ് വാമദേവൻപിള്ള ഗോമതി അമ്മ
എസ്റ്റിമേറ്റ് തുക	4,80,420/- രൂപ

പ്രസ്തുത പ്രവൃത്തിയിൽ വെണ്ടർ താഴെപ്പറയും പ്രകാരം ആണ് മെറ്റീരിയലിന് തുക ക്വാട്ട് ചെയ്തിരിക്കുന്നത്.

Item	കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് (ജി.എസ്.ടി കൂടാതെ)
Stone Aggregate 20mm	2712.940
Stone Aggregate 10mm	3025.180
Coarse Sand (Zone III)	3583.130
Port Land Cement	8736

എൻ.ആർ,ഇ.ജി,എ) യുടെ സൈറ്റ് പ്രകാരം ബിൽ നം. 100, 255, 513 എന്നിവ പ്രകാരം താഴെപ്പറയുന്ന നിരക്കിൽ വെണ്ടർക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തതിന് തുക നൽകിയിട്ടുണ്ട്.

Item	Unit Price	Quantity
Coarse Sand (Zone III)	3,601.5	24.3
Stone Aggregate(single Size):20 Mm Nominal Size	2,726.85	36.18
-Stone Aggregate(single Size): 10 Mm Nominal Size	3,040.69	11.88
Portland Cement	8,780.79	17.28

വെണ്ടർ ക്വാട്ട് ചെയ്ത നിരക്കും വെണ്ടർക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തതിന് തുക നൽകിയ നിരക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വെണ്ടർക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തതിന് ഓരോ ഇനത്തിനും എപ്രകാരമാണ് റേറ്റ് കണക്കാക്കിയതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48/ 24.12.2025 ന് പ്രസ്തുത പ്രവൃത്തിയിൽ വെണ്ടർ ക്വാട്ട് ചെയ്ത നിരക്കിൽ ജി.എസ്.ടി തുക കൂടാതെയുള്ള തുകയാണ് വെണ്ടർക്ക് നൽകിയതെന്നും വരും വർഷങ്ങളിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഇനങ്ങൾക്കും കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കുറവായാണ് നൽകിയിട്ടുള്ളത് ഉദാഹരണമായി കരാറുകാരൻ ജി.എസ്.ടി കൂടാതെ പോർട്ട് ലാന്റ് സിമന്റിന് ക്വാട്ട് ചെയ്തിരിക്കുന്ന നിരക്ക് 8736 രൂപയാണ്. ആയതിനാൽ ജി.എസ്.ടി ഉൾപ്പെടെ മേൽ ഇനത്തിന് നൽകേണ്ട തുക 11,182/- (Including 28%gst) രൂപയാണെന്നിരിക്കെ 8,780.79 രൂപ നിരക്കിൽ പോർട്ട് ലാന്റ് സിമന്റിന് കരാറുകാരന് നൽകിയത് എപ്രകാരമാണെന്ന് മറുപടിയിൽ വ്യക്തമല്ല. തൻവർഷം നടപ്പിലാക്കിയ മിക്ക പ്രവൃത്തികളിലും മെറ്റീരിയൽ പേമെന്റ് ചെയ്തിരിക്കുന്നത് ഇപ്രകാരമാണെന്ന് കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-9-5 കയർ ഭൂവസ്ത്രം വിരിക്കൽ - പ്രവൃത്തി നിർവ്വഹിച്ചുവെന്നുറപ്പു വരുത്തേണ്ടതാണ്

പ്രവൃത്തിയുടെ പേര്	ചേന്നാട് തലക്കുളം തോട് സംരക്ഷണവും കയർ ഭൂവസ്ത്രം വിരിക്കലും
വർക്ക് കോഡ്	1614009005/wc/560798
എസ്റ്റി മേറ്റ് തുക	27,14,067/- രൂപ

ചേന്നാട് തലക്കുളം തോട് സംരക്ഷണവും കയർ ഭൂവസ്ത്രം വിരിക്കലിനുമായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ Unskilled Labour ഇനത്തിൽ 2,43,756/- രൂപയും മെറ്റീരിയൽ ഇനത്തിൽ 17,435/- രൂപയും ഉൾപ്പെടെ ആകെ 2,61,191/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിയിൽ തോട് സംരക്ഷണം, മുള നട്ട് പിടിപ്പിക്കൽ 200 ച.മീ കയർ ഭൂവസ്ത്രം വിരിക്കൽ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 30.12.2025 ൽ എം.എൻ.ആർ.ഇ.ജി.എസ് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കയർ ഭൂവസ്ത്രം വിരിച്ചത്, മുള നട്ടത്, നെയിം ബോർഡ് സ്ഥാപിച്ചത് എന്നിവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തീയതിയിൽ തന്നെ നടത്തിയ 1614009005/WC/564547 (2022-23 ഊരാളിക്കോണം തൃക്കോവിൽവട്ടം തോട് സംരക്ഷണവും കയർ ഭൂവസ്ത്രം വിരിക്കലും) എന്ന പ്രവൃത്തിയുടെ സ്ഥലപരിശോധനയിലും കയർ ഭൂവസ്ത്രം വിരിച്ചതോ മുള നട്ടതോ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ നെയിം ബോർഡ് സ്ഥാപിച്ചതായി കണ്ടെത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കയർ ഭൂവസ്ത്രം വിരിക്കൽ പ്രവൃത്തികളിൽ അവ നിർവ്വഹിച്ച ശേഷമാണോ തുക കൈമാറിയിരിക്കുന്നതെന്ന് ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും പ്രവൃത്തി നിർവ്വഹിച്ച ശേഷം മാത്രമാണ് എം.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളിൽ തുക നൽകുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയം പരിശോധിച്ച് സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	5,673*	19,89,374	19,95,047	20,60,802	0**
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	8,26,84,191	8,26,84,191	8,26,84,191	0

*MNREGS ക്യാഷ് ബുക്കിൽ ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നം. 102501000009541 പ്രകാരമുള്ള മുന്നിരിപ്പ് 4,030/- രൂപ ഉൾപ്പെട്ടിട്ടില്ല.

** ആകെ തുകയിൽ നിന്ന് ചെലവ് കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന തുകയല്ല നീക്കിയിരിപ്പായി വന്നിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	27-05-2022 മുതൽ 30.05.2022 വരെ	01.08.2021 മുതൽ 31.03.2022 വരെ	01.10.2022.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16-2-2013 മുതൽ 28-2-2013 വരെ	2007-08 മുതൽ 2011-12 വരെ	9-4-2013

1-11 തൊഴിൽ നികുതി തെറ്റായി നിർണയിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് 7,770/- രൂപയുടെ നഷ്ടം

മദർ തെരേസ മെമ്മോറിയൽ സെൻട്രൽ സ്കൂൾ എന്നസ്ഥാപനത്തിലെ ജീവനക്കാരുടെ 2024-25 രണ്ടാം അർധവർഷത്തെ തൊഴിൽ നികുതി അടവ് പരിശോധിച്ചതിൽ 27.6.2024ലെ സ.ഉ.(സാധാ) നം. 1149/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിൽ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നികുതി അടച്ച രസീത് നമ്പർ : R – G010405-25001815/29.7.2025

ജീവനക്കാരന്റെ പേര്	അർധവാർഷിക വരുമാനം	ഈടാക്കേണ്ടിയിരുന്ന നികുതി	ഈടാക്കിയ നികുതി	കുറവ്
റുബിന.ബി.എൽ	47,040	750	300	450
മഹിജ.എം.ആർ	47,040	750	300	450
അജിത് കുമാർ.എസ്.എസ്	47,040	750	300	450
പ്രിയകുമാരി.ഒ.	47,040	750	300	450
ലേഖ.എസ്.എസ്	47,040	750	300	450
നിത്യ.സി.പി	47,040	750	300	450
ബിൻജുശശാങ്കൻ	47,040	750	300	450
ശ്രീജ.എസ്	33,600	600	300	300
സുരേഷ് കുമാർ.ആർ	47,040	750	300	450
രശ്മി.പി	33,600	600	300	300
അജ്ന.എ.എൻ	40,320	600	300	300
ബിനു.പി.എസ്	47,040	750	300	450
ഷിനു.എസ്	33,600	600	300	300
രമ്യ.ഡി	33,600	600	300	300
പുഷ്പ.കെ	26,880	450	180	270
രഞ്ജുരാജ്	40,320	600	300	300
കവിത.എ	33,600	600	300	300
അശ്വതി.വി.എസ്	33,600	600	300	300
മീര.എം.എസ്	47,040	750	300	450
ഹസീന.എ	33,600	600	300	300
ലയ.എസ്.എസ്	33,600	600	300	300
			ആകെ	**7,770/-**

അപാകം സംബന്ധിച്ച് നൽകിയ 23.12.2025 തിയ്യതിയിലെ 21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുറവ് വന്ന തുക ഒടുക്കുന്നതിന് സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ഒടുക്കിയതിൽ കുറവ് വന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

1-12 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകരിൽ നിന്ന് അപേക്ഷ ഫീസ് കുറവായി ഈടാക്കിയതിനാൽ 2,200/- രൂപയുടെ നഷ്ടം

താഴെ പറയുന്ന പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024 /ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഫയൽ നമ്പർ, ഈടാക്കിയ അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണം	ഈടാക്കേണ്ടിയിരുന്ന ഫീസ്	ഈടാക്കിയ അപേക്ഷ ഫീസ്, രസീത് നമ്പർ	കുറവ് (രൂ)
A3/3493/24 നൗഷാദ്. എ്.ജി, 3102.35 M^2	2,000	500, 1240401489/7.9.24	1,500
A3/5556/24 നസീറബീവി, 119.84m^2	500	150, 1240403118/4.12.24	350
A3/3064/24 അബ്ദുൾ റഹിം, 109 M^2	500	150, 1240401077/16.8.24	350
		ആകെ	2,200/-

ഈ അപാകത സംബന്ധിച്ച് 16.12.2025-ൽ നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ടി തുക അപേക്ഷകരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ഈടാക്കിയതിൽ കുറവു വന്ന തുക 2,200/- രൂപ അപേക്ഷകരിൽ നിന്ന് ഈടാക്കി പഞ്ചായത്ത്ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

1-13 മാർക്കറ്റിലെ കടമുറി KSEB ഓഫീസ് പ്രവർത്തനത്തിന് സൗജന്യമായി വിട്ടുനൽകി.

2024-25 വർഷത്തെ വാടക രജിസ്റ്റർ പരിശോധനയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭരതന്നൂർ മാർക്കറ്റിലെ 4ാം നമ്പർ കടമുറിയുടെ വാടക 2024-25ൽ ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. കടമുറി വാടകയ്ക്ക് നൽകിയതിന്റെ വിശദാംശങ്ങൾ, വാടക ഈടാക്കാത്തതിന്റെ കാരണം എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 22.12.2025ലെ 12ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് സെക്രട്ടറി നൽകിയ 23.12.2025ലെ മറുപടിയിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം കടമുറി കെ.എസ്.ഇ.ബി. ഓഫീസ് പ്രവർത്തിക്കുന്നതിന് സൗജന്യമായി വിട്ടു നൽകിയിട്ടുള്ളതാണ് എന്ന് അറിയിച്ചു. പ്രസ്തുത ഭരണസമിതി തീരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 വാടകത്തുകയിൽ വാർഷിക വർദ്ധനവ് വരുത്താതെ കുറഞ്ഞ നിരക്കിൽ ഈടാക്കി - രേഖകൾ ലഭ്യമാക്കിയില്ല

ഭരതന്നൂർ മാർക്കറ്റിലെ 1ാം നമ്പർ കടമുറി 2023-24ൽ 3,150/- രൂപയ്ക് വാടകയ്ക്ക് നൽകിയതായി (മധുസൂദനൻ എന്നയാൾക്ക്) 2023-24 ലെ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2024-25 ൽ വാടകത്തുകയിൽ 5% വർധനവ് വരുത്തേണ്ടതാണെന്നിരിക്കെ ഇതിൽ കുറഞ്ഞ തുകയായ 2,000/- രൂപ വാടകയ്ക് ബിന്ദു എൽ.വി. എന്നയാൾക്ക് 2024 ഡിസംബർ മുതൽ കടമുറി വാടകയ്ക്ക് നൽകുകയും വാടക ഈടാക്കുകയും ചെയ്തതായി 2024-25 ലെ വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നിന്ന്

വ്യക്തമാകുന്നു. 2024-25ൽ വാടകക്കാരനെ നിശ്ചയിച്ച ഭരണസമിതി തീരുമാനം, ബന്ധപ്പെട്ട ഫയൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. വാടകത്തുകയിൽ വാർഷിക വർദ്ധനവ് വരുത്താത്തതിനാൽ വാടക വരുമാനത്തിൽ കുറവുണ്ടാകുന്നു. 2024 ഏപ്രിൽ മുതൽ നവംബർ വരെ വാടക ഈടാക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഈ അപാകതകൾ സംബന്ധിച്ച് 22.12.2025ലെ 12ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2023-24ലെ വാടകക്കാരനായ ശ്രീ മധുസൂദനൻ വാടക കുടിശ്ശിക വരുത്തിയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും കട ഒഴിപ്പിച്ച് ലേല നടപടികളിലൂടെ പുതിയ വാടകക്കാരനെ നിശ്ചയിക്കുകയും ചെയ്തു എന്ന് അറിയിച്ചു. എന്നാൽ ലേല നടപടികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കുറഞ്ഞ വാടകത്തുക നിശ്ചയിച്ചത് സംബന്ധിച്ച പരിശോധനയ്ക്കായി ലേലനടപടികളുടെ ഫയൽ, വാടകക്കാരനെ തെരഞ്ഞെടുത്തത് സംബന്ധിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-15 വാടക - ഭീമായ തുക കുടിശ്ശികയായി നിലനിൽക്കുന്നു

2024-25ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ പ്രകാരമുള്ള വാടക കുടിശ്ശിക വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം 45,010/- രൂപയും മുൻ വർഷങ്ങളിലായി 15,85,818/- രൂപയും വാടക കുടിശ്ശിക ഉണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2,867/- രൂപ മാത്രമാണ് തൻവർഷം കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. ടി വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. മുൻ വർഷങ്ങളിലെ കുടിശ്ശിക 15,85,818/- രൂപ ഏതൊക്കെ കടമുറികളുടെ വാടക ആണെന്നും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഭീമമായ തുക വാടക കുടിശ്ശിക ഇനത്തിൽ നിലനിൽക്കുന്നു. ഈ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് 22.12.2025ലെ 13 ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല.

1-16 വ്യാപാരത്തിനുള്ള അവകാശം ലേലം ചെയ്ത് പഞ്ചായത്തിന് വരുമാന വർദ്ധനവ് ഉറപ്പാക്കിയില്ല - വ്യാപാരാവകാശം മുൻവർഷത്തെ ലേലക്കാരന് നൽകിയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

2024-25 വർഷത്തിൽ പഞ്ചായത്തിലെ ഭരതന്നൂർ, വട്ടക്കരിക്കകം, പാങ്ങോട് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി മാംസവ്യാപാരം നടത്തുന്നതിന് 2023-24 വർഷത്തിലെ ലേലക്കാരനായിരുന്ന ഫത്തഹുദ്ദീൻ എന്നയാൾക്ക് 2023-24 ലേക്കാൾ 10% കൂടിയ തുകയ്ക്ക് 13.2.2024ലെ 1/4 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അനുമതി നൽകി. ലേല രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2024-25 ൽ ലേലം അനുവദിച്ചത് താഴെ പറയുന്ന തുകകൾക്കാണ്.

കേന്ദ്രം	ലേലത്തുക തുക (രൂ)	അടവ് വിശദാംശം
ഭരതന്നൂർ	36,522 + 18% GST(6,574)	രസീത് നമ്പർ 12404570/4.3.2025
വട്ടക്കരികം	13,417 + 18%Gst(2,416)	രസീത് നമ്പർ 12404571/4.3.2025
പാങ്ങോട്	1,77,769 + 18% GST(31,998)	രസീത് നമ്പർ 12404572/4.3.2025

മേൽപ്പറഞ്ഞ ഭരണസമിതി തീരുമാനത്തെ തുടർന്ന് 30.4.2024ലെ 400224/GADC18/GPO/2024/517(1) നമ്പർ നോട്ടീസ് പ്രകാരം ലേലത്തുക ഒടുക്കാൻ ശ്രീ ഫത്തഹുദ്ദീന് സെക്രട്ടറി നിർദേശം നൽകി. ബഹു ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ 2024-25ൽ ലേലം നടത്താൻ സാധിക്കാത്തതിനാലാണ് ടിയാന് മാംസ വ്യാപാരം നടത്തുന്നതിന് തുടർന്നും അനുമതി നലകിയത് എന്ന് പ്രസ്തുത നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. 2024-25ൽ ലേലം നടത്തുന്നത് വിലക്കിക്കൊണ്ടുള്ള കോടതി വിധി പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 2024-25 ൽ ലേലം നടത്താതിരുന്നതിന് വിശദീകരണം, പഞ്ചായത്ത് ശ്രീ ഫത്തഹുദ്ദീനുമായി ഏർപ്പെട്ട

കരാർ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും 23.12.2025ലെ 18ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി.ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ ശ്രീ ഫത്തഹുദ്ദീൻ ഫയൽ ചെയ്ത അപ്പീൽ നമ്പർ 141/2022ലെ ഉത്തരവിൽ മാംസ വ്യാപാര കേന്ദ്രങ്ങളിൽ വ്യവഹാരം നടത്തുന്നതിനുള്ള ടിയാന്റെ അവകാശത്തിൽ ഇടപെടുന്നത് വിലക്കിയിട്ടുള്ളതിനാലാണ് 2024-25 വർഷത്തിലും ലേല നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന് അറിയിച്ചു.മറുപടിയോടൊപ്പം ലഭ്യമാക്കിയ 10.3.2022ലെ ഇടക്കാല ഉത്തരവ് പകർപ്പ് പരിശോധിച്ചതിൽ അപ്പീലിൽ അന്തിമ ഉത്തരവ് വരുന്നത് വരെയാണ് ശ്രീ ഫത്തഹുദ്ദീന് മാംസ വ്യാപാര കേന്ദ്രങ്ങളിൽ വ്യവഹാരം നടത്തുന്നതിനുള്ള അവകാശത്തിൽ ഇടപെടുന്നത് വിലക്കിയിരുന്നത്. അപ്പീൽ നമ്പർ 141/2022ലെ അന്തിമ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2021-22ലെ ലേലം സംബന്ധിച്ച 10.3.2022ലെ ഇടക്കാല ഉത്തരവ് മൂലമാണ് 2024-25 ൽ ലേല നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത ലേലം സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 2024-25ൽ ലേലം നടത്തി വരുമാനവർധനവ് ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥ തലത്തിലും നടപടികൾ സ്വീകരിച്ചിട്ടില്ല.ലേലം നടത്താതെ മുൻ ലേലക്കാരന് വ്യാപാരാവകാശം നൽകിയതിന് സാധുവായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. ടിയാനുമായി ലേലാവകാശം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. 2024-25ലെ ലേലത്തുക ഒടുക്കുന്നതിന് 30.4.2024 തീയതിയിൽ നോട്ടീസ് നൽകിയെങ്കിലും 4.3.2025ൽ മാത്രമാണ് തുക ഒടുക്കിയിട്ടുള്ളത്.

മേൽ പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-17 ജി.എസ്.റ്റി തുകകൾ യഥാസമയം സർക്കാർ അക്കൗണ്ടിൽ ഒടുക്കുന്നില്ല

ഓരോ മാസവും സ്വീകരിക്കുന്ന GST തുക തൊട്ടടുത്ത മാസം 20ാം തീയതിയ്ക്ക് മുൻപ് ഒടുക്കേണ്ടിയിരിക്കെ 2024-25 വർഷത്തെ GST ഇനത്തിലുള്ള തുകയുടെ അടവ് പരിശോധിച്ചതിൽ പഞ്ചായത്ത് GST തുക പൂർണമായും ഒടുക്കു വരുത്തുന്നില്ല എന്ന് കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

	2024 മാർച്ച് 31 വരെ സ്വീകരിച്ച തുക (രൂ)	ഒടുക്കിയ തുക, ചെക്ക് നമ്പർ /തീയതി	2024 ഏപ്രിൽ 30 വരെ സ്വീകരിച്ച തുക (രൂ)	ഒടുക്കിയ തുക, ചെക്ക് നമ്പർ/തീയതി	2024 മേയ് 31 വരെ സ്വീകരിച്ച തുക (രൂ)	ഒടുക്കിയ തുക, ചെക്ക് നമ്പർ /തീയതി
CGST	41,166/-	27,634/-, 826196/16.4.2024	15,763/-	Nil	37,023/-	23,246/-, 826313/18.6.2024
SGST	41,166/-	27,634/-, 826196/16.4.2024	15,764/-	Nil	36,778/-	23,246/-, 826313/18.6.2024

GST തുക പൂർണമായും ഒടുക്കാത്തത് സംബന്ധിച്ച് 29.12.2025ലെ 41ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ GST ഇനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി അടവാക്കുന്നതാണെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ജി.എസ്.റ്റി തുക യഥാസമയം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 IFTE&OS ലൈസൻസ് ലഭിക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2024-25 വർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ, IFTE&OS ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2024-25ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്ത് പ്രവർത്തിച്ചുണ്ടെങ്കിലും IFTE&OS ലൈസൻസ് നേടിയിട്ടില്ല.

ഉടമസ്ഥന്റെ പേര്	സ്ഥാപനത്തിന്റെ പേര്
മിനി ഐ.	ഭവ്യ ക്ലിനിക്കൽ ലബോറട്ടറി

ചിത്ര കെ.	അശ്വനി ക്ലിനിക്കൽ ലബോറട്ടറി
അജിത എസ്.	മിത്ര ക്ലിനിക്ക്

IFTE&OS ലൈസൻസ് ലഭിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് സംബന്ധിച്ച് 24.12.2025ലെ 25ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ആവശ്യമായ രേഖകളുടെയും സാക്ഷ്യപത്രങ്ങളുടെയും അഭാവം മൂലമാണ് ലൈസൻസ് നൽകാതിരുന്നത് എന്ന് അറിയിച്ചു. ലൈസൻസ് ലഭിക്കാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - തുക അധികമായി അനുവദിച്ചു

പദ്ധതിയുടെ നം., പേര്	104/25, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്
നിർവഹണ ഉദ്യോഗസ്ഥൻ	ICDS സൂപ്പർവൈസർ
ഫണ്ട്, പ്രൊസീഡിംഗ്സ് നമ്പർ	വികസന ഫണ്ട് (ജനറൽ), 556/24.12.2024, 791/10.3.2025
ബിൽനമ്പർ	365/24.12.2024, 603/10.3.2025
അടങ്കൽ	രൂ.1,35,000/-
ചെലവ്	രൂ.1,31,000/-

ICDS സൂപ്പർവൈസർ നിർവഹിച്ച 104/2025 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥിനിക്ക് 28.5.2024ലെ 115/2022/ ത.സ്വ.ഭ.വ സബ്സിഡി മാർഗരേഖാ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിലും അധികം സ്കോളർഷിപ്പ് തുക നൽകിയതായി കാണുന്നു.

പേര്	ക്ലാസ്	അനുവദനീയമായ തുക (രൂ)	അനുവദിച്ച തുക (രൂ)	അധികം നൽകിയ തുക (രൂ)
അശ്വതി എ. എസ്.	ബിരുദം	12*1000 (പ്രതിമാസ സ്കോളർഷിപ്പ്)+ 1000 (വാർഷിക ബത്ത) =13,000/-	13,500	500

ഇത് സംബന്ധിച്ച് 26.12.2025ലെ 34ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ അധികമായി അനുവദിച്ച തുക 2025–26 ലെ സ്കോളർഷിപ്പിൽ നിന്ന് കുറവു ചെയ്യുന്നതാണ് എന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-20 ICDS സൂപ്പർവൈസർ നിർവഹിച്ച പ്രോജക്ടിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തി

ജി.ഒ.പി നം. 7/19/എസ്.പി.ഡി. തീയതി 26.4.2019 ഉത്തരവ് പ്രകാരം 25,000/- രൂപയ്ക്ക് മുകളിൽ മൂല്യമുള്ള സാധനങ്ങൾ നിർബന്ധമായും Gem മുഖേന സമാഹരിക്കേണ്ടതാണ്. ICDS സൂപ്പർവൈസർ നിർവഹിച്ച താഴെ പറയുന്ന പ്രോജക്ടുകളിൽ Gem മുഖേനയല്ലാതെ മാനുവൽ ടെണ്ടർ മുഖേന സപ്ലയറെ തെരഞ്ഞെടുത്ത് വാങ്ങൽ നടത്തിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ, പേര്, സമാഹരിച്ച സാധനം	ഫണ്ട്, ബിൽ നമ്പർ /തീയതി, അനുവദിച്ച തുക	വിതരണക്കാരന്റെ പേര്
219/2025, അങ്കണവാടികളിൽ	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം	ശബരി ഗ്ലോബൽ ഷോപ്പി,

പ്രഷർകുക്കർ വാങ്ങൽ (സ്പിൽ ഓവർ)	100/2.7.2024, 97,088/- രൂപ	വെള്ളനാട്
291/2025, അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ,	മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം 725/24.3.2025, 61,250/- രൂപ	പ്രൈംലൈൻ എന്റർപ്രൈസസ്, കോട്ടയം
111/2025, വനിത പരിശീലന കേന്ദ്രത്തിലേക്ക് കസേര വാങ്ങൽ	വികസനഫണ്ട് ജനറൽ 724/24.3.2025, 98,000/- രൂപ	പ്രൈംലൈൻ എന്റർപ്രൈസസ്, കോട്ടയം

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയത് സംബന്ധിച്ച് 27.12.2025ലെ 35ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ അജ്ഞത മൂലമാണ് 2024-25ലെ മേൽപ്പറഞ്ഞ വാങ്ങലുകൾ GEM പോർട്ടൽ മുഖേന അല്ലാതെ നടത്തിയത് എന്നും 2025-26 ൽ GEM രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും അറിയിച്ചു. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് മാത്രം ഭാവിയിൽ വാങ്ങലുകൾ നടത്തേണ്ടതാണ്.

1-21 അങ്കണവാടികളിൽ പോഷകാഹാര പദ്ധതി - അധികമായി അനുവദിച്ച തുക 21,787/- രൂപ നിരാകരിക്കുന്നു

പദ്ധതിയുടെ നം, പേര്	79/2025, അങ്കണവാടി പോഷകാഹാര പരിപാടി – എസ്.സി.പി
നിർവഹണ ഉദ്യോഗസ്ഥൻ	ICDS സൂപ്പർവൈസർ
ഫണ്ട്, ബിൽ നമ്പർ	വികസന ഫണ്ട് എസ്.സി.പി, കേന്ദ്രാവിഷ്കൃത ഫണ്ട് 452/28.10.2024
അടങ്കൽ	രൂ.4,85,033/-
ചെലവ്	രൂ.4,81,894/-

ICDS സൂപ്പർവൈസർ നിർവഹിച്ച 79/2025 അങ്കണവാടി പോഷകാഹാര പരിപാടി – എസ്.സി.പി. -പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ന്യൂട്രിമിക്സ് സപ്ലൈ ചെയ്ത ഇനത്തിൽ പ്രോസീഡിംഗ്സ് നമ്പർ 452/28.10.2024 പ്രകാരം 21,787/- രൂപ യുവശക്തി യുവശ്രീ ന്യൂട്രിമിക്സിന് അനുവദിച്ചിട്ടുണ്ട്. ടി ചെലവിനെ സാധൂകരിക്കുന്ന ബില്ലുകൾ/ ഇൻവോയിസുകൾ എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ രേഖകൾ ലഭ്യമാക്കുന്നതിനായി 27.12.2025ലെ 35-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. എന്നാൽ നിർവഹണ ഉദ്യോഗസ്ഥ പ്രസ്തുത രേഖകൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിച്ചിട്ടുള്ള ബില്ലുകൾ ഡ്യൂപ്ലിക്കേഷൻ മൂലം വീണ്ടും മാറി നൽകിയതിനാൽ 21,787/- രൂപ അധികത്തുക അനുവദിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. അധികമായി അനുവദിച്ച തുക 2025-26 ലെ യുവശക്തി യുവശ്രീ ന്യൂട്രിമിക്സിന് അനുവദിക്കുന്ന ബില്ലിൽ കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചു. നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അധികമായി അനുവദിച്ച തുക 21,787/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യൽ - പദ്ധതി നിർവഹണത്തിന് സ്വകാര്യ വിതരണക്കാരുമായി കരാറിൽ ഏർപ്പെട്ടില്ല

പദ്ധതിയുടെ പേര്	41/2025 – മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്യൽ
നിർവഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
അടങ്കൽ	രൂ.3,95,200/- (വികസനഫണ്ട് – 3,64,800/-

	ഗുണഭോക്തവിഹിതം – രൂ.30,400/-)
ചെലവ്	രൂ.3,95,200/- (വികസനഫണ്ട് – 3,64,800/- ഗുണഭോക്തവിഹിതം – 30,400/-)

സർക്കാർ പൗൾട്രി ഫാമുകളിൽ നിന്ന് അംഗീകൃത നഴ്സറികൾ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 45- 60 ദിവസം പ്രായമാകുമ്പോൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പ്രസ്തുത പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്.മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്ത ഇനത്തിൽ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികൾക്ക് അംഗീകൃത യൂണിറ്റ് കോസ്റ്റ് നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിതരണരജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് 31.12.2024, 9.1.2025, 31.1.2025, 1.2.2025 തീയതികളിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്ത എഗ്ഗർ നഴ്സറികൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊസീഡിംഗ്സ് നമ്പർ/ തീയതി	വിതരണക്കാരന്റെ പേര്, തുക	അനുവദിച്ച തുക	ഫണ്ട്	ഇൻവോയിസ് നമ്പർ, തുക
798/11.3.2025	ശശിധരൻ പിള്ള, അമ്പാടി എഗ്ഗർ നഴ്സറി 3,12,000/-	2,88,000 /-	വികസനഫണ്ട് ജനറൽ	159/1.2.2025 3,12,000 /-
707/16.2.2025		24,000/-	ഗുണഭോക്തൃവിഹിതം	
797/11.3.2025	ദിലീപ്, മംഗലത്ത് എഗ്ഗർ നഴ്സറി 83,200 /-	76,800 /-	വികസനഫണ്ട് ജനറൽ	Nil/ 9.1.2025 83,200/-
706/16.2.2025		6,400/-	ഗുണഭോക്തൃവിഹിതം	

നിർവഹണ ഉദ്യോഗസ്ഥ പ്രോജക്ട് നിർവഹണം സംബന്ധിച്ച് വിതരണക്കാരുമായി ഏർപ്പെട്ട കരാർ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കരാറിൽ ഏർപ്പെടാതെ പ്രോജക്ട് നിർവഹണം നടത്തിയത് സംബന്ധിച്ച് 30.12.2025ലെ 52ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികൾക്ക് ലൈസൻസ് നൽകുമ്പോൾ മൃഗസംരക്ഷണവകുപ്പ് നഴ്സറികളുമായി കരാറിൽ ഏർപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ പൗൾട്രി ഫാമുകളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ നൽകുന്നത് എന്നും ആയതിനാലാണ് രണ്ടാമത് കരാർ വയ്കാതിരുന്നത് എന്നും അറിയിച്ചു. മേൽപ്പറഞ്ഞ എഗ്ഗർ നഴ്സറികൾ മൃഗസംരക്ഷണവകുപ്പുമായി ഏർപ്പെട്ട കരാർ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തിനാൽ കരാറിന്റെ ഉള്ളടക്കം പരിശോധിക്കുന്നതിനോ കരാർ വ്യവസ്ഥകൾ മേൽപ്പറഞ്ഞ പ്രോജക്ടിന് ബാധകമാണോ എന്നത് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. സ്വകാര്യ വ്യക്തികളുമായി കരാറിൽ ഏർപ്പെടാതെ പ്രോജക്ട് നിർവഹണം നടത്തുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രോജക്ട് നിർവഹണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് വിതരണക്കാരൻ നിർവഹണ ഉദ്യോഗസ്ഥനുമായോ മൃഗസംരക്ഷണവകുപ്പുമായോ ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിൽമാത്രം പ്രോജക്ട് നിർവഹണം നടത്തേണ്ടതാണ്.

1-23 സകർമ്മ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പു വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിക്ക് തിരിച്ച്

നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ പൊതുജനങ്ങളുടെ അറിവിലേക്ക് നൽകുന്നതിൽ കാലതാമസം ഉണ്ടായിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി.	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി.
06.04.2024	10.06.2024	10.06.2024
10.05.2024	03.09.2024	03.09.2024
14.05.2024	20.07.2024	20.07.2024
11.06.2024	20.09.2024	20.09.2024
24.06.2024	03.09.2024	03.09.2024
08.07.2024	14.10.2024	14.10.2024
18.07.2024	05.09.2024	05.09.2024
07.08.2024	18.10.2024	18.10.2024
14.08.2024	06.11.2024	06.11.2024
07.09.2024	30.11.2024	30.11.2024
08.10.2024	19.12.2024	23.12.2024
22.10.2024	23.12.2024	23.12.2024
07.11.2024	05.02.2025	05.02.2025
07.12.2024	11.03.2025	11.03.2025

2025 ഡിസംബർ വരെയുള്ള കാലയളവിലെ 5 മിനിട്സുകൾ ഓഡിറ്റ് തീയതി വരെയും പൂർത്തീകരിച്ചതായും കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വറി നം. 7/16.12.2025നു സാങ്കേതിക വിഷയങ്ങൾ ഉള്ളതിനാലാണ് യോഗ മിനിറ്റ്സുകൾ സമയബന്ധിതമായി പ്രസിദ്ധപ്പെടുത്താൻ സാധിക്കാതിരുന്നത് എന്ന് മറുപടി ലഭ്യമായി. വരും വർഷങ്ങളിൽ സകർമ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 തൃണകം വൈക്കോൽ സബ്സിഡി (New) പദ്ധതിയിലെ അപാകങ്ങൾ

പദ്ധതിയുടെ പേര്	തൃണകം വൈക്കോൽ സബ്സിഡി (New)
നിർവ്വഹണ ഉദ്യോഗസ്ഥ	ഡയറി ഫാം ഇൻസ്ട്രക്ടർ
പ്രോജക്ട് നമ്പർ	8/25
അടങ്കൽ	വികസനഫണ്ട് (പൊതുവിഭാഗം) രൂ.2,50,000/-
ചെലവ്	Bill No. 586/ 10-03-2025 - 1,53,000/- Bill No. 587/ 10-03-2025 - 72,000/- Bill No. 588/ 10-03-2025 - 25,000/- ആകെ – 2,50,000/- രൂപ

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണോദ്യോഗസ്ഥയായ തൃണകം വൈക്കോൽ സബ്സിഡി (New) പദ്ധതി രൂപീകരിച്ചിരിക്കുന്നത് തീറ്റപ്പുല്ലിനും വൈക്കോലിനും സബ്സിഡി കർഷകന് ലഭ്യമാക്കുന്നതിനാണ്. കർഷകൻ വളർത്തുന്ന കറവ പശുക്കളുടെ എണ്ണവും സംഘത്തിൽ അളക്കുന്ന പാലിന്റെയും അടിസ്ഥാനത്തിൽ ആണ് ഓരോ മാസവും സബ്സിഡി നൽകേണ്ട വൈക്കോലിന്റെയും പച്ചപ്പുല്ലിന്റെയും അളവ് നിശ്ചയിക്കുക. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകം കാണുന്നു

കർഷകൻ വളർത്തുന്ന പശുക്കളുടെ എണ്ണത്തിനോ സംഘത്തിൽ അളന്ന പാലിന്റെ അളവിനോ ആനുപാതികമായി അല്ല സബ്സിഡി നൽകിയിരിക്കുന്നത്. സംഘത്തിൽ പാൽ അളന്ന എല്ലാ കർഷകർക്കും ഒരേ സബ്സിഡി തുകയായ 1000 രൂപ നൽകിയിരിക്കുന്നു. ഇത് പദ്ധതി വിഭാവനം ചെയ്തതിനു വിരുദ്ധമാണ് .

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വറി നം. 43/29.12.2025നു പശുക്കളുടെ എണ്ണം തിട്ടപ്പെടുത്താൻ

ഫീൽഡ് തലത്തിൽ പരിശോധന അപ്രായോഗികമായതിനാലും പാലളവിനെ അടിസ്ഥാനമാക്കി തുക നൽകുന്നതിൽ നിലവിൽ മാനദണ്ഡങ്ങൾ ഇല്ലാത്തതിനാലുമാണ് ഇപ്രകാരം സബ്സിഡി തുക നൽകിയത് എന്ന് മറുപടി ലഭിച്ചു. വരും വർഷങ്ങളിൽ അപാകങ്ങൾ പരിഹരിച്ചു പദ്ധതി നടപ്പാക്കേണ്ടതാണ്.

1-25 കമ്മിറ്റി തീരുമാനം - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 03/01/2025ലെ കമ്മിറ്റി അജണ്ട 3, തീരുമാനം നമ്പർ 3 പ്രകാരം ഗവ. ഹോമിയോ ഡിസ്പെൻസറിയുടെ ദൈനംദിന ചെലവുകൾക്കായി പാങ്ങോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ചിരുന്ന അക്കൗണ്ടിൽ നിന്നും നിലവിലുള്ള തുക ഉപയോഗിച്ച് ഹോമിയോ / ആയുർവേദ ആശുപത്രികളുടെ 2025-26 വർഷത്തെ കണ്ടിജൻസി ചെലവുകൾ നടത്തുന്നതിനും ആയുർവേദ ആശുപത്രിക്ക് ആവശ്യമായ തുക ടി അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനും വർഷാവസാനം ബാലൻസ് സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിനും മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

പ്രസ്തുത തീരുമാനത്തിന്മേലുള്ള തുടർനടപടി വിവരവും, 2024-25 വർഷത്തെയും 2025 ഡിസംബർ മാസം വരെയും ഉള്ള ബാലൻസ് സ്റ്റേറ്റ്മെന്റും ലഭ്യമാക്കുന്നതിനായി സമർപ്പിച്ച ഓഡിറ്റ് എൻക്വറി നം.46/29.12.2025നു മെഡിക്കൽ ഓഫീസർ ഹോമിയോ പ്രസ്തുത അക്കൗണ്ടിന്റെ (A/c No. 107112801000035 Kerala State Co-op Bank Ltd) സ്റ്റേറ്റ്മെൻറ് ലഭ്യമാക്കുകയുണ്ടായി. രേഖകൾ പ്രകാരം 19/06/2025നു 22,209/- രൂപ മെഡിക്കൽ ഓഫീസർ ആയുർവേദത്തിനും 22/08/2025നു 15,000/- രൂപ മെഡിക്കൽ ഓഫീസർ AYUSH NHM PHനും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിന്റെ ചെലവുരേഖകൾ മെഡിക്കൽ ഓഫീസർ ആയുർവേദയിൽ നിന്നും മെഡിക്കൽ ഓഫീസർ AYUSH NHM PHൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-26 വൗച്ചറുകളുടെ പരിശോധന - അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 46,133/- രൂപ തടസ്സം ചെയ്യുന്നു

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അനുബന്ധ ചെലവ് രേഖകൾ ഐ.എൽ.ജി.എം എസിൽ ലഭ്യമല്ല

1. വൗച്ചർ നം. 22400579/20.09.2024 പ്രകാരം 11,768/- രൂപ എം.എൻ.ആർ.ഇ.ജി.എസ് ലേബറിന്റെ ചികിത്സാച്ചെലവിന് നൽകിയിട്ടുണ്ട്. അനുബന്ധ രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല.

2. വൗച്ചർ നം. 22400606/27.09.2024 പ്രകാരം 5,000/- രൂപ കർഷക ദിനാചരണത്തിനായി കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. അനുബന്ധ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല.

3. വൗച്ചർ നം. നം. 22401138/3.2.2025 പ്രകാരം KL-21W 2263 വാഹനത്തിന്റെ ടയർ മാറ്റിയതിന് 17,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ല.

4. വൗച്ചർ നം. 22400775/7.11.2024 പ്രകാരം മൂന്നാം വാർഡിലെ 91-ാം നം അംഗൻവാടിയിൽ കിണറിൽ പമ്പ് സ്ഥാപിച്ചതിന് 11,465/- രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ ഫയലിനോടൊപ്പം ലഭ്യമല്ല.

5. വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിച്ചു മാറ്റുന്നതി ന് രതീഷ് എന്ന വ്യക്തിയ്ക്ക് വൗച്ചർ നം. 22400956/23.12.2024 പ്രകാരം 32,000/- രൂപ നൽകിയിട്ടുണ്ട്. ട്രീ കമ്മിറ്റി മിനിട്സ്, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശം, മുറിച്ച മരങ്ങൾ ലേലം ചെയ്തു നൽകിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

അനുബന്ധ രേഖകളുടെ അഭാവത്തിൽ 46,133/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 53/ 30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 തെരുവുവിളക്ക് പരിപാലനം - അപാകതകൾ

പദ്ധതിയുടെ പേര്	തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രോജക്ട് നമ്പർ	224
അടങ്കൽ	തനത് ഫണ്ട് രൂ.2,21,746/-
ചെലവ്	ബിൽ നം. 387/30.12.2024-2,21,746/-

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മേൽ പ്രോജക്ടു് വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ള മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ അപൂർണ്ണമാണ് . കൂടാതെ ലഭ്യമാക്കിയ സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്തിട്ടില്ല, .

2) 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 15/ 22.12.2025 ന് അറ്റകുറ്റപ്പണികൾ നടത്തേണ്ട തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ ജനപ്രതിനിധികളും പൊതുജനങ്ങളും കൈമാറുന്നതിനനുസരിച്ചാണ് മെയിന്റനൻസ് നടത്തി വരുന്നതെന്നും പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നും പരാതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് പരിപാലിക്കുന്നില്ലായെന്നും സ്റ്റോക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൂർണ്ണമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 17-08-2015 ലെ ജി.2/44274/15 ാം നമ്പറായി പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നിർദ്ദേശപ്രകാരം തെരുവുവിളക്ക് പരിപാലനം കാര്യക്ഷമമായി നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-28 അജൈവമാലിന്യം നീക്കം ചെയ്യൽ - വിശദാംശം ലഭ്യമല്ല - 28,880/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

വൗച്ചർ നം. 22401285/4.3.2025 പ്രകാരം 8/- രൂപ നിരക്കിൽ 3610kg അജൈവമാലിന്യം നീക്കം ചെയ്തതിന് 28,880/- രൂപ വേസ്റ്റ് മാനേജ്മെന്റ് സൊല്യൂഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് വേസ്റ്റ് മാനേജ് മെന്റ് സൊല്യൂഷനുമായി കരാറിലേർപ്പെട്ടതിന്റെ വിവരം, തരം തിരിച്ച മാലിന്യത്തിന് ലഭിച്ച തുകയുടെ വിവരം, അജൈവമാലിന്യത്തിന് നൽകിയ തുകയുടെ വിവരം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53/30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ 28,880/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 17,95,587/- രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ക്രമ നം,	പ്രോജക്ടിന്റെ വിശദാംശം	റിമാർക്സ്

1	പ്രോജക്ട് നം.37 പേര് - ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1992 തനത് ഫണ്ട് – 2,00,000/- രൂപ ചെലവ്- ചെക്ക് നം. 071345/4.12.2024- 1,19,093/-. ബിൽ നം. 694/21.03.2025 - 24,054/- ആകെ തനത് ഫണ്ട് ചെലവ് – 1,43,147/-	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
2	പ്രോജക്ട് നം.235 പേര്- കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - തുക നൽകൽ അടങ്കൽ - വികസന ഫണ്ട് – 1,00,000/- ചെലവ് - ബിൽ നം.351/23.12.2024- 1,00,000/-	State Health Agency യ്ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3	പ്രോജക്ട് നം.38 പേര് - സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ അടങ്കൽ - വികസനഫണ്ട് – 10,52,440/- ധനകാര്യകമ്മീഷൻ ഗ്രാന്റ് – 5,00,000/- ചെലവ് - 689/21.03.2025 - 10,52,440/- 690/21.03.2025- 5,00,000/-	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.11/തീ.20.12.2025), (നം.45/തീ.27.12.2025) എന്നിവയ്ക്ക് വിനിയോഗാസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതു വരെ 17,95,587/- രൂപ തടസ്സം ചെയ്യുന്നു.

1-30 ജനപ്രതിനിധികൾക്ക് ക്യാബിൻ നിർമ്മാണം രണ്ടാംഘട്ടം - എഗ്രിമെന്റ് ഷെഡ്യൂളിന്റെ അഭാവത്തിൽ തുക നൽകി

പദ്ധതിയുടെ പേര്	ജനപ്രതിനിധികൾക്ക് ക്യാബിൻ നിർമ്മാണം രണ്ടാംഘട്ടം
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	206/2025
അടങ്കൽ	വികസന ഫണ്ട് – രൂ.9,00,000/- തനത് ഫണ്ട് – രൂ.2,00,000/-
ചെലവ്	ബിൽ നം. 756/25.03.2025- രൂ.9,00,000/-

ജനപ്രതിനിധികൾക്ക് ക്യാബിൻ നിർമ്മാണത്തിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോയെ പ്രസ്തുത പദ്ധതി നടത്തിപ്പിലേയ്ക്ക് തെരഞ്ഞെടുത്ത് 19.11.2024 ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എഗ്രിമെന്റിനോടൊപ്പം എഗ്രിമെന്റ്

ഷെഡ്യൂൾ ലഭ്യമല്ല. കരാറുടമ്പടിയ്ക്കൊപ്പം റേറ്റ് ഓഫ് എഗ്രിമെന്റ് ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ എം.ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്കുകൾ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ളതാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 24.03.2025ൽ നൽകിയ കത്തിൽ (നം. 30/AE/LSGD /PGD/2024-25) Mbook No. 54 പ്രകാരമുള്ളതിൽ ഐറ്റം നം. 1 മുതൽ 5 വരെയുള്ളത് മെഷർമെന്റ് ചെയ്തിട്ടുണ്ടെന്നും എഗ്രിമെന്റ് ഷെഡ്യൂൾ ഇല്ലാത്തതിനാൽ Mbook ൽ ഉള്ള റേറ്റ് പ്രകാരമാണ് വാല്യൂവേഷൻ കണക്കാക്കിയിട്ടുള്ളതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. Item No 1 മുതൽ 5 വരെയുള്ളതിന് 6,59,675/- രൂപയുടെ വാല്യുവേഷനും നൽകിയിട്ടുണ്ട്. എന്നാൽ എം.ബുക്ക് പ്രകാരം ഇലക്ട്രിക്കൽ വർക്കിൽ ഉൾപ്പെട്ട Item No. 1 Supply And Installation ----Structural Support For Additional Units, Item No. 2- Ac Stand, Item No. 3 AC Fitting Charge, Item No. 4 Outdoor And Indoor Additional Upper Pipe എന്നിവയുടെ മൂല്യമായ 1,87,755/- രൂപ കൂടി ഉൾപ്പെടെയാണ് ആർട്ടോകോയ്ക്ക് നൽകിയിരിക്കുന്നത്. എഗ്രിമെന്റ് ഷെഡ്യൂളിന്റെ അഭാവത്തിലും ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ സെക്ഷൻ എ.ഇയുടെ വാല്യൂവേഷന്റെ അഭാവത്തിലും ഒറിജിനൽ ടാക്സ് ഇൻവോയിസുകളുടെ അഭാവത്തിലും ഇലക്ട്രിക്കൽ വർക്കിൽ ഉൾപ്പെട്ടിരുന്ന ഇനങ്ങളുടെ തുക കൂടി ആർട്ട്കോയ്ക്ക് നൽകിയതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/22.12.2025 ന് 7.11.2024 ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചാണ് ആർട്ട്കോ ലിമിറ്റഡുമായി കരാറിലേർപ്പെട്ട് വർക്ക് ഓർഡർ നൽകിയതെന്നും ടി ഇൻവോയിസിൽ സൂചിപ്പിച്ചിട്ടുള്ള Schedule Of Rates അനുസരിച്ചാണ് ആർട്ട്കോ ലിമിറ്റഡ് അന്തിമ ബിൽ തയ്യാറാക്കിയിട്ടുള്ളതും എം.ബുക്കിൽ വർക്ക് റിക്കോർഡ് ചെയ്തിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി നൽകിയ തുകയും ഒറിജിനൽ ടാക്സ് ഇൻവോയിസിൽ ഉൾപ്പെടുത്തിയിട്ടുള്ള വിസിറ്റേഴ്സ് ചെയർ, റിവോൾവിംഗ് ചെയർ, എസി എന്നിവയ്ക്കും കൂടിയാണ് 9,00,000/- രൂപ ആർട്ട്കോയ്ക്ക് അനുവദിച്ചിട്ടുള്ളതെന്നും ഇലക്ട്രിക്കൽ വർക്കിന്റെ മൂല്യ നിർണ്ണയം നടത്തുന്നതിന് ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ തുക അനുവദിക്കുകയുള്ളൂവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ കരാർ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ റേറ്റ് ഓഫ് എഗ്രിമെന്റ് ഷെഡ്യൂൾ ഉൾപ്പെടെ കരാറിലേർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-31 മിനി മാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി -അപാകതകൾ

പദ്ധതിയുടെ പേര്	മിനിമാസ്റ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	237
അടങ്കൽ	തനത് ഫണ്ട് – രൂ. 5,54,400/-
ചെലവ്	ബിൽ നം. 635/12.03.2025 - രൂ.3,56,400/- 539/22.02.2025 - രൂ. 1,98,000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ മിനിമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ വിളിച്ച് KEL എന്ന സ്ഥാപനത്തിനാണ് മെയിന്റനൻസിന്റെ കരാർ നൽകിയിരിക്കുന്നത്.

ബിൽ നം. 635/12.03.2025 പ്രകാരം 3,56,400/- രൂപ 18 മിനിമാസ്റ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതിന് KEL എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ആകെ എത്ര മിനിമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകളുണ്ടെന്നും അതിൽ വാറണ്ടി കാലയളവ് കഴിഞ്ഞവ എത്രയുണ്ടെന്നും ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/22.12.2025 ന് ആയത് സംബന്ധിച്ച രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ലായെന്നും ഇനിയുള്ള കാലയളവിൽ മേൽ രജിസ്റ്ററുകൾ

കൃത്യമായി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ വാറണ്ടി കാലയളവ് കഴിയാത്ത മിനിമാസ്റ്റ് ലൈറ്റുകളും മെയിന്റനൻസ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

1-32 ഹരിത കർമ്മസേനാഡ്രൈവർക്ക് വേതനമിനത്തിൽ അധിക തുക നൽകി - 4,380/- രൂപ നിരാകരിക്കുന്നു

സ.ഉ(പി)നം. 29/2021/Fin., Dated 11.02.2021 പ്രകാരം ദിവസവേതന/കരാർ ജീവനക്കാർക്ക് നൽകാവുന്ന പരമാവധി വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം ഡ്രൈവർക്ക് ഒരു ദിവസം 730/- രൂപ നിരക്കിൽ പരമാവധി നൽകാവുന്ന വേതനം 19,710/- രൂപയാണ്. എന്നാൽ വൗച്ചർ നം. 22400206/തീ.01.06.2024 പ്രകാരം ശ്രീ. ബിജുവിന് 30 ദിവസത്തേയ്ക്ക് 730/- രൂപ നിരക്കിൽ 21,900/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ വൗച്ചർ നം.22400102/തീ.04.05.2024 പ്രകാരം പ്രസ്തുത വ്യക്തിയ്ക്ക് തന്നെ 30 ദിവസത്തേയ്ക്ക് 730/- രൂപ നിരക്കിൽ 21900/- രൂപയും നൽകിയിട്ടുണ്ട്. മേൽ ഉത്തരവിനനുസൃതമായി വേതനം പരിമിതപ്പെടുത്തി നൽകാത്തതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53/ 30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേനാ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ ബിജുവിന് മേൽ വൗച്ചറുകൾ പ്രകാരം അധികമായി നൽകിയ 4,380/- നിരാകരിക്കുന്നു. 4,380/- രൂപ ശ്രീ. ബിജുവിൽ നിന്ന് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-33 വാഹനം വാടകയ്ക്ക് എടുത്തതിന്റെ ക്വട്ടേഷൻ/ടെണ്ടർ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 94,033/- രൂപ തടസ്സം ചെയ്യുന്നു

വൗച്ചർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിലും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ

1. വൗച്ചർ നം. 22400043/15.04.2024 പ്രകാരം 10,500/- രൂപ 22.04.2024 ന് പാങ്ങോട് നിന്ന് KL-21F-6280 എന്ന വാഹനത്തിൽ ആര്യനാട് പോയതിന് വാഹനവാടക നൽകിയിട്ടുണ്ട്. വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല.

2. ഓഫീസ് ആവശ്യത്തിന് വാഹനം മാസവാടകയായി ഓടിയതിന് താഴെപ്പറയും പ്രകാരം മുഹമ്മദ് ഷാൻ എന്ന വ്യക്തിയ്ക്ക് വിവിധ വൗച്ചറുകൾ പ്രകാരം 83,533/- രൂപ നൽകിയിട്ടുണ്ട്.

കാലയളവ്	വൗച്ചർ നം. തീയതി	തുക (രൂ)
മാർച്ച് 20 മുതൽ ഏപ്രിൽ 20 വരെ	22400159/15.05.2024	35,800
മേയ് 2024	22400228/18.06.2024	35,800
ജൂൺ 1 മുതൽ 10 വരെ	22400253/20.06.2024	11,933

ഇലക്ഷനോടനുബന്ധിച്ച് ഓഫീസ് വാഹനം വിട്ടു കൊടുക്കേണ്ടി വന്നതിനാലാണ് വാഹനം വാടകയ്ക്ക് എടുത്തതെന്ന് നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 53/ 30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ക്രമ നം. 1, 2 എന്നിവയിൽ വാഹന വാടകയിനത്തിൽ ചെലവഴിച്ച 94,033/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-34 കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് തുക - തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു

വൗച്ചർ നം. 22400311/3.7.2024 പ്രകാരം കണ്ണംപാറ കുടിവെള്ള പദ്ധതിയിലെ കേടായ മോട്ടോർ മെയിന്റനൻസ് നടത്തുന്നതിന് ഗുണഭോക്തൃസമിതി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 10,803/- രൂപ ചെലവഴിച്ചിട്ടുണ്ട്. എ.ഇയുടെ എസ്റ്റിമേറ്റ് വാല്യൂവേഷൻ എന്നിവ ഫയലിനോടൊപ്പം ലഭ്യമല്ല. (സാധാ) നം. 1275/2009/lsgd Dated 30.05.2009 സർക്കുലർ നം.

12963/k 2/06/lsgd Dated 23.03.2006 എന്നിവ പ്രകാരം ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പു ചെലവുകൾ ഗുണഭോക്താക്കൾ തന്നെയാണ് വഹിക്കേണ്ടതെന്നിരിക്കെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 53/30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-35 ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2018-19 വർഷം മുതൽ 2022-23 വർഷം വരെ കരാർ വച്ച ലൈഫ് ഗുണഭോക്താക്കളിൽ (എസ്.സി. - ജനറൽ) ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ലാത്തവരുടെ വിശദാംശം താഴെ ചേർക്കുന്നു. ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാർ പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി ആറ് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഗുണഭോക്താവിന്റെ പേര്	കരാർ വർഷം	അവസാനം തുക കൈപ്പറ്റിയത്	ആകെ കൈപ്പറ്റിയത് (രൂ.)	റിമാർക്സ്
യമുന	2020-21	1,00,000	3,00,000	ലിന്റൽ വരെ പ്രവൃത്തി ചെയ്തു.
സരള	2020-21	1,00,000	3,05,000	റൂഫ് പൂർത്തീകരിച്ചു വന്നു.തുടർ ഗഡു നൽകുന്നതാണ്.
സിന്ധു	2020-21	50,000	2,00,000	അടിസ്ഥാനം മാത്രം ചെയ്തു
സുമേഷ്	2020-21	40,000	3,60,000	റൂഫ്
യശ്പാൽ/ബീന	2020-21	1,00,000	3,00,000	റൂഫ്
ഗീത.എസ്	2020-21	1,60,000	2,00,000	ബേസ് മെന്റ് പൂർത്തീകരിച്ചുതുടർന്ന് ഗഡു നൽകി ലിന്റൽ പൂർത്തീകരിച്ചു.
ബിന്ദു	2020-21	40,000	40,000	ബേസ് മെന്റ്

ഭവന നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-36 ഗുണഭോക്തൃവിഹിതം - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം Beneficiary Contribution ഇനത്തിൽ 8,51,509/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രോജക്ടുകളിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയാണെന്നും നിലവിൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/17.12.2025ന് B-4 ഷെഡ്യൂളിൽ വർഷങ്ങളായി അവശേഷിച്ച തുകയാണെന്നും 2025-26 സാമ്പത്തിക വർഷത്തിൽ 2,98,928/- രൂപ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വർഷങ്ങളായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച തുകയാണെന്നും അവ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

1-37 ഫെസ്റ്ററിവൽ അഡ്വാൻസ് - ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. B-18 Schedule പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 29,000/- രൂപ തിരികെ ലഭിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. Festival Advance ഇനത്തിൽ കൈപ്പറ്റിയ തുക നാളിതു വരെ പൂർണ്ണമായും തിരികെ അടയ്ക്കാത്ത ഉദ്യോഗസ്ഥരുടെ വിവരം, തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.

8/17.12.2025 ന് തുക തിരികെ അടവാക്കുന്നതിനായി കത്തു നൽകിയിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-38 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക B.18 Schedule പ്രകാരം Advance To Implementing Officers ഇനത്തിൽ 21,08,546/- രൂപ - ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ക്രമീകരിക്കാത്തതിന്റെ കാരണം, ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/17.12.2025 ന് സമയബന്ധിതമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകാത്തതു മൂലം ക്യാരി ഓവർ ചെയ്തു വരുന്ന തുകയാണെന്നും ആയത് പരിഹരിക്കുന്നതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർ ഉത്തരവ് നം. ജി.ഒ(പി)419/2011/ഫിൻ തീ.4.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. സമയപരിധിയ്ക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് തിരിച്ചു പിടിക്കേണ്ടതും ഇങ്ങനെ തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. നാളിതു വരെ ക്രമീകരിക്കാത്ത മുൻകൂറുകളിൻമേൽ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-39 B-9 ഷെഡ്യൂൾ പ്രകാരം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന തുകകൾ തിരിച്ചടവാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക B-9 Schedule പ്രകാരം താഴെപ്പറയുന്ന തുകകൾ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

ഹെഡ്സ് കോഡ്	ഇനം	തുക (രൂ)
350200119	Recoveries Payable -Covid	1,52,394
350200199	Recoveries Payable -Other Recoveries From Employees	47,093
350400999	Refund Of Unutilised Grants -Prior Period	1,18,349
350200205	Recoveries Payable -CGST	1,01,459
350200206	Recoveries Payable -SGST	1,01,460
350200207	Recoveries Payable – Tax Deducted At Source (CGST)	3,256
350200208	Recoveries Payable – Tax Deducted At Source (SGST)	3,256
350300101	Government And Other Dues Payable-library Cess	1,94,294

അടവാക്കാൻ അവശേഷിക്കുന്നതിൽ സാധ്യമായവ അടവാക്കി 2025-26 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഒഴിവാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 8/17.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-40 കാലഹരണപ്പെട്ട തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

B-7 Schedule പ്രകാരം ഉള്ള Contractors Earnest Money Deposit, Suppliers Earnest Money Deposit, Contractors Security Deposit, Suppliers Security Deposit, Bidders Security Deposit, Other Deposits, Rent Deposit, Auction Deposit, Water Connection Deposit, Deposit Received For Halls And Auditoriums എന്നിവയിൽ നീക്കിയിരിപ്പുകൾ മുൻവർഷത്തേതിലേതു പോലെ തുടരുകയാണ്. അവയിൽ കാലഹരണപ്പെട്ട തുകകൾ ഉണ്ടെങ്കിൽ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/17.12.2025 ന് വർഷങ്ങളായി അവശേഷിച്ച തുകയാണെന്നും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണക്കാക്കി കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്ന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-41 ജലവിതരണം - ബൂസ്റ്റർ പമ്പ് പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്

വൗച്ചർ നം. 22400581/25.09.2024 പ്രകാരം അഞ്ചാം വാർഡിലെ ബൂസ്റ്റർ പമ്പിന്റെ 2024 ജൂലൈ മാസത്തെ വൈദ്യുതി ബിൽ അടവാക്കിയതിന് 1,133/- രൂപ വാർഡ് മെമ്പർക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ ഡിമാന്റ് നോട്ടീസ് ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല. കെ.എസ്.ഇ.ബിയുടെ രസീത് നം. 45570240802102044/2.8.2024 പ്രകാരം തുക അടവാക്കിയതായി കാണുന്നു. 30.12.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ ഫ്യൂസ് വിച്ഛേദിച്ച നിലയിൽ ആണ് കാണാൻ കഴിഞ്ഞത്. നിലവിൽ ആയത് പ്രവർത്തനക്ഷമമല്ലായെന്ന് ബോധ്യപ്പെട്ടു. 7.9.2024 ലെ ഭരണസമിതിയുടെ 2/12-ാം നം തീരുമാനത്തിൽ ചേന്നാട് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബൂസ്റ്റർ പമ്പ് മുഖേന നാളിതു വരെ ജലം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതി മുഖേന ബിൽ അടയ്ക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണെന്നും ജലം ലഭ്യമാകുന്നതു വരെ പഞ്ചായത്തിൽ നിന്ന് തുക ഒടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ബൂസ്റ്റർ പമ്പ് പ്രവർത്തനക്ഷമമാക്കി ജലലഭ്യത ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-42 കുടിവെള്ള ടാങ്ക് വിതരണം - അപാകതകൾ

എ)

പദ്ധതിയുടെ പേര്	പട്ടികവർഗ്ഗ കുടുംങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ	214/25
അടങ്കൽ	ധനകാര്യകമ്മീഷൻ ഗ്രാന്റ് – 2,00,000/- രൂപ
ചെലവ്	ബിൽ നം. 135/13.07.2024 - 31,000/- 158/2.8.2024 – 89,900/- 176/17.8.2024 - 34,100/- ആകെ – 1,55,000/-

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ ആനുകൂല്യം നൽകിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ജാതിസർട്ടിഫിക്കറ്റ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

1. വിനയചന്ദ്രൻ. കെ
2. വിനീത്
3. ഷൈൻരാജ്

ബി)

പദ്ധതിയുടെ പേര്	പട്ടികജാതി കുടുംങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ	213/25
അടങ്കൽ	ധനകാര്യകമ്മീഷൻ ഗ്രാന്റ് – 6,00,000/- മറ്റുള്ളവ – 20,000/-
ചെലവ്	ധനകാര്യ കമമീഷൻ ഗ്രാന്റ് ബിൽ നം. 133/12.07.2024 - 81,375/- 156/2.8.2024 - 1,65,075/-

	175/17.8.24 - 55,025/- 182/22.8.24 – 40,300/- 239/1.10.24 - 1,23,225/- ആകെ – 4,65,000/- ഗുണഭോക്തൃവിഹിതം ചെക്ക് നം. 071313/6.8.2024 - 55,025/- 12345/23.8.2024 - 55,025/- 071316/23.8.2024 - 31,775/- 071328/14.10.2024 - 41,075/- ആകെ – 1,82,900/- (സുലേഖ പ്രകാരം ചെലവ് – 1,55,000) ആകെ ചെലവ് – 6,47,900/-

SC കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ച് ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിനെ വാട്ടർ ടാങ്ക് വിതരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു വാട്ടർ ടാങ്കിന് 3,100/- രൂപ നിരക്കിലാണ് ഓഷ്യൻ പോളിമേഴ്സ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് വാട്ടർ ടാങ്ക് വിതരണം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആനുകൂല്യം വിതരണം ചെയ്തിട്ടുള്ള അമ്പിളി. കെ എന്ന ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ഫയലിനോടൊപ്പം ലഭ്യമല്ല.

2. വിവിധ ഇൻവോയിസുകൾ പ്രകാരം ആകെ 200 വാട്ടർ ടാങ്കുകളാണ് ഓഷ്യൻ പോളിമേഴ്സ് ടെക്നോളജീസ് വിതരണം ചെയ്തിരിക്കുന്നത്. 25% ഗുണഭോക്തൃവിഹിതം ചെലവഴിക്കേണ്ട പദ്ധതിയിൽ 1,55,000/- രൂപയാണ് ഈയിനത്തിൽ ചെലവഴിക്കേണ്ടതെന്നിരിക്കെ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 1,82,900/- രൂപ ചെലവഴിച്ചതായി കാണുന്നു. ആകെ നൽകേണ്ട തുക 6,20,000/- രൂപയാണെന്നിരിക്കെ 6,47,900/- രൂപ ചെലവഴിച്ചതായാണ് കാണുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 55/ 30.12.2025 ന് ചെക്ക് നം. 12345/23.8.2024 പ്രകാരം 55,025/- രൂപ ചെലവഴിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റിന് ശേഷമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നതെന്നതിനാൽ മറുപടിയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല. ആയതിനാൽ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-43 2018 ലെ പത്രപ്പരസ്യ തുക 2024 ൽ നൽകി

വൗച്ചർ നം. 22400346/17.07.2024 പ്രകാരം 5,250/- രൂപ 2018-19 കാലയളവിൽ പത്രപ്പരസ്യം നൽകിയതിന് മാതൃഭൂമി പത്രത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പത്രപ്പരസ്യത്തിന്റെ ചാർജ്ജ് നൽകിയിട്ടില്ലായെന്ന് എപ്രകാരമാണ് ഉറപ്പാക്കിയതെന്നും പ്രസ്തുത കാലയളവിലെ ചെലവ് തുക, ഇത്രയും വൈകി നൽകിയതിന് കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53/30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കാലയളവിൽ പത്രപ്പരസ്യം നൽകിയതിന് പണം നൽകിയിട്ടില്ലായെന്ന് 2018 മുതൽ ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-44 ജലജീവൻ മിഷൻ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020 /Dpo/തിരു/ജെ.ജെ.എം. നം. കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം

ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം – 15%

ഗുണഭോക്തൃവിഹിതം – 10%

ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് ഗുണഭോക്തൃവിഹിതമായി നാളിതു വരെ തുക കൈമാറിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി സ്ഥാപനവിഹിത ഇനത്തിൽ 2021-22 വർഷത്തിൽ 5,00,000/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 2021-22 ൽ ജലജീവൻ മിഷൻ പദ്ധതിയിൽ 5,00,000/- രൂപ വകയിരുത്തി ആയത് ചെലവഴിച്ചിട്ടുണ്ട്. 2022-23, 2023-24, 2024-25 വർഷങ്ങളിൽ സ്ഥാപനവിഹിതം വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടില്ല.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 2023-24 ൽ 25,91,846/- രൂപ ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് 2023-24 ൽ കരടിമുക്ക് – പുളിക്കര റോഡ് മെയിന്റനൻസ് (പ്രോജക്ട് നമ്പർ 192/2024) എന്ന പദ്ധതി ഏറ്റെടുത്തിരുന്നു. പദ്ധതിക്കായി 12,00,000/- രൂപ വകയിരുത്തുകയും 10,81,874/- രൂപ ചെലവഴിച്ച് 2023-24ൽ തന്നെ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. (അവലംബം – ഓഡിറ്റ് അന്വേഷണം - 5/22.12.25 ന്റെ മറുപടി)

1-45 ബഡ്സ് സ്കൂൾ അവലോകനം

ഗ്രാമപഞ്ചായത്തിലെ വട്ടകരിക്കകം എന്ന സ്ഥലത്ത് 2023 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ച് വരുന്നു. 31.03.2025-ലെ കണക്ക് പ്രകാരം ബഡ്സ് സ്കൂളിൽ 33 ആൺകുട്ടികളും 19 പെൺകുട്ടികളുമാണുള്ളത്. ഇതിൽ തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ബാധിച്ച 13 കുട്ടികളുണ്ട്. സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/16.12.2025 -ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന സൗകര്യം

സ്കൂളിലേയ്ക്ക് റോഡ് സൗകര്യം ലഭ്യമാണ്. ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം ഇല്ല. കോൺട്രാക്ട് വാഹനമാണ് സ്ഥാപനം ഉപയോഗിച്ചുവരുന്നത്. 26 വിദ്യാർത്ഥികൾ വാഹന സൗകര്യം ഉപയോഗിക്കുന്നുണ്ട്. വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റി 8 ആണ്. ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ അകെ വിസ്തീർണം സ്കൂൾ - 294.35 സ്ക്വയർ മീറ്ററാണ്. പഞ്ചായത്തിന്റെ 2600 സ്ക്വയർ ഫീറ്റ് സ്ഥലത്ത് സ്വന്തമായുള്ള കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. 4 ക്ലാസ്സ് മുറികൾ ഉണ്ട്. റാമ്പ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (2വീതം ആകെ 4) പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഉണ്ട്.

(G.O(M.S).148/09/LSGD തീ.29.07.2009, G.O(M.S).20/2018/LSGD തീ.07.02.2018 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളവയിൽ ഓഫീസ് മുറി, സ്റ്റോർ റൂം, ഭക്ഷണമുറി, അടുക്കള, വിനോദമുറി, ഫിസിയോതെറാപ്പി മുറിഎന്നീ സൌകര്യങ്ങൾ സ്കൂളിലുണ്ട്.. കൌൺസിലിംഗ് മുറി, ഓഡിയോളജി മുറിൺസിലിംഗ് മുറി, വൊക്കേഷണൽ പരിശീലനമുറി എന്നിവ ഇല്ല. ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ എന്നിവരുടെ സേവനം ലഭ്യമാണ്. ഇവരുടെ സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

അധ്യാപകരുടെ / ആയമാരുടെ വിവരം

31.03.2025 ലെ കണക്ക് പ്രകാരം ഒരു അധ്യാപികയും ഒരു ആയയുമാണുള്ളത്. നിലവിലുള്ള ടീച്ചർക്ക് 21600/- രൂപയും ആയക്ക് 14310/- - രൂപയുമാണ് പ്രതിമാസ വേതനം.

ഫണ്ടുകളുടെ വിവരം

സ്ഥാപനം ലഭ്യമാക്കിയത് പ്രകാരം 2024-25 വർഷത്തിൽ ബഡ്സ് സ്കൂളിന് ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2024-25 വർഷത്തിൽ ബഡ്സ് സ്കൂളിന് ലഭിച്ച ഫണ്ടുകളുടെ വിവരം				2024-25 വർഷം ലഭിച്ച ആകെ വരവ്
തനത് ഫണ്ട്/പ്ലാൻ	MLA/MP ഫണ്ട്	കുടുംബശ്രീ	സംഭാവന,	

ഫണ്ട്		മുഖേന	മറ്റ് വരവുകൾ	
തനത് ഫണ്ട് - 4,39,362/- പ്ലാൻ ഫണ്ട് – 6,59,410/- ആകെ – 10,98,772/-	Nil		Nil	10,98,772/-
സ്ഥാപനത്തിന്റ 2024-25 വർഷത്തെ ആകെ ചെലവ് – 11,69,184/-				

സ്ഥാപനത്തിന് തനത് ഫണ്ട്/പ്ലാൻ ഫണ്ട് കൂടാതെ മറ്റ് വരുമാന സ്രോതസ്സുകൾ സംഭാവനകൾ മുഖേന കണ്ടെത്താൻ നടപടി സ്വീകരിച്ചു വരുന്നു. സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം വരവിനേക്കാൾ അധികമായ തുക ചെലവഴിച്ചിരികികുന്നു. കൃത്യമായ വരവ്, ചെലവ് വിവരങ്ങൾ ലഭ്യമാക്കി ടി അപാകത പരിഹരിക്കേണ്ടതാണ്.

ഓഡിയോളജി മുറി, ഒക്യൂപ്പേഷണൽ തെറാപ്പി, വൊക്കേഷണൽ പരിശീലനമുറി എന്നിവയ്ക്കായി പ്രത്യേകം സൗകര്യം ഒരുക്കേണ്ടതാണ്.

1-46 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

GO (Rt) No.2132/2022 LSGD ഉത്തരവു പ്രകാരം 5 സ്കീമുകളിൽ മൂന്നു സ്കീമുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായത്. സ്കീം 1 കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം (നിർവഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ) സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം - മെഡിക്കൽ ഓഫീസർ), സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം -മെഡിക്കൽ ഓഫീസർ) ഇവയാണ് മൂന്ന് സ്കീമുകൾ. ഹെൽത്ത് ഗ്രാന്റ് തുകകൾ രണ്ട് അക്കൗണ്ടുകളിലായാണ് വരുന്നത്. 2021-22 മുതൽ സ്കീം 3, സ്കീം 4 എന്നീ ഇനങ്ങളിലാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.2/15-12-25-ന് ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021-22	4,53,019/-
2022-23	13,87,000/-
2023-24	13,47,000/-
2024-25	0

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

വർഷം	സ്കീം -1	സ്കീം - 3	സ്കീം - 4	ആകെ (രൂ)
2021-22	Nil	2,93,019	1,60,000	4,53,019
2022-23	Nil	9,80,000	4,07,000	13,87,000
2023-24	Nil	2,44,920	1,10,692	3,55,612
2024-25	Nil	Nil	Nil	Nil

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

Scheme 3 – 12,115/-

Scheme 4 – 1,65,294/-

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക (രൂ)
2021-22	176/22, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ	2,93,019

2021-22	177/22 പ്രാഥമിക രോഗ, ചികിൽസ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ	1,60,000
2022-23	217/23 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ	9,80,000
2022-23	218/23 പി എച്ച്.സി. യിലും സബ്സെന്ററുകളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ	2,46,693
2024-25	232/25 പി.എച്ച്.സി. സബ്സെന്ററുകൾ എന്നിവിടങ്ങളിൽ രോഗ നിർണയ സംവിധാനങ്ങൾ	1,60,307
2024-25	300/25 രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ	1,05,619
2024-25	301/25 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സബ്സെന്ററുകളിലും രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ	14,241
2023-24	212/24 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സബ്സെന്ററുകളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ	96,451
2023-24	213/24 എഫ്.എച്ച്.സിയിലും സബ്സെന്ററുകളിലും രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ	1,39,301
	എഫ്.എച്ച്.സിയും സബ്സെന്ററുകളും ഹെൽത്ത് & വെൽനസ് സെന്റർ ആക്കൽ	1,80,400

5) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആസ്തികളുടെ വിവരം നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയില്ല.

പാങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ എല്ലാ ഉപകേന്ദ്രങ്ങൾക്കും കെട്ടിടമില്ലായെന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റ് എൻക്വയറി നം. 2/12-12-25ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിച്ച് മാർഗ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-47 ഹരിത ഭവനം പദ്ധതി - അപാകങ്ങൾ

ജല സംരക്ഷണം, മാലന്യ നിർമ്മാർജ്ജനം സുസ്ഥിര കൃഷി വികസനം, ജൈവ സംയോജിത കൃഷി എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. കിണർ റീചാർജ്ജ്, ബയോ ബിൻ, കോഴിയും കൂടും, പോഷകത്തോട്ടം എന്നിവയാണ് പദ്ധതിയിലെ ഘടകങ്ങൾ. കിണർ റീചാർജ്ജ്, കോഴിയും കൂടും ഫലവൃക്ഷത്തൈകൾ എന്നിവക്ക് ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കേണ്ടതാണെന്നും പദ്ധതി വിഭാവനം ചെയ്യുന്നു.

ഹരിതഭവനം പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേരും നമ്പരും	**പ്രോജക്റ്റ് നം.12/2025, (NEW) ഹരിത ഭവനം**
അടങ്കൽ തുക	70,000/- വികസന ഫണ്ട് ജനറൽ + 70,000/- ജില്ലാപഞ്ചായത്ത് + 39,410/- ഗുണഭോക്തൃവിഹിതം
ചെലവ് തുക	14,000/- വികസന ഫണ്ട് ജനറൽ + 14,000/- ജില്ലാപഞ്ചായത്ത് + 1,932/- ഗുണഭോക്തൃവിഹിതം
നിർവ്വഹണം	കൃഷി ഓഫീസർ

1) പതിനാലാം പഞ്ചവത്സര പദ്ധതി സബിസിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 115/2022/തസ്വഭവ തീയതി 28/05/2022 അനുബന്ധം 2 പ്രകാരമുള്ള ഹരിത ഭവനം എന്റോൾമെന്റ് ഫോറം ഗുണഭോക്താക്കൾ നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.എന്നാൽ അപ്രകാരമുള്ള ഫോറം നൽകിയിട്ടില്ല.

2) 2023-24 ലെ ഡി. പി. സി. തീരുമാന പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് / നഗരസഭകളിൽ 10 എണ്ണം ഹരിത ഭവനം ഉൾപ്പെടുത്തി പ്രേജക്ട് തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്. എന്നാൽ ഈ

സാമ്പത്തിക വർഷം ആകെ 2 എണ്ണം മാത്രമാണ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയത്

മേൽ അപാകങ്ങൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണ കുറിപ്പ് നം. 32/25.12.2025 ലഭ്യമാക്കിയ മറുപടിയിൽ സ.ഉ.(കൈ)നം. 115/2022/തസ്വഭവ തീയതി 28/05/2022 അനുബന്ധം 2 പ്രകാരമുള്ള ഹരിത ഭവനം എന്റോൾമെന്റ് ഫോറം ഗുണഭോക്താക്കൾ വാങ്ങണമെന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട രണ്ടു പേർക്കു മാത്രമാണ് പദ്ധതി നടപ്പിലാക്കാൻ താൽപര്യമുണ്ടായിരുന്നത് എന്നുമാണ്. മാർഗ്ഗനിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

1-48 ക്വട്ടേഷൻ ക്ഷണിക്കാതെ - വാഹനം വാടകക്കെടുക്കൽ - അപാകം ആവർത്തിക്കാതിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്

പ്രോജക്റ്റ് നം.	77/25 (New)
പ്രോജക്റ്റിന്റെ പേര്	പി.എച്ച്.സി-കണ്ടിജൻസിചെലവുകൾ
അടങ്കൽ	2,50,000/- (മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്)
ചെലവ്	2,37,292/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (FHC)

എഫ്.എച്ച്.സി യിലെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾക്കായി തുക വകയിരുത്തുന്ന പദ്ധതി. പദ്ധതിയിലുൾപ്പെടുത്തി താഴെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം വാക്സിനേഷനായി വാഹനം ഓടിയ വകയിൽ രതീഷ് എം., അരുൺ പ്രസാദ് കെ. എന്നിവർക്ക് അനുവദിച്ചിട്ടുണ്ട്.

ACR BILL NO-665/19-3-25 – 9,600/-

ACR BILL NO-664/19-3-25 - 8,550/-

ACR BILL NO-459/23-1-25 – 9,950/-

ACR BILL NO-460/23-1-25 – 9,900/-

ACR BILL NO-223/11-9-24 – 8,650/-

ACR BILL NO-222/11-9-24 – 9,450/-

ACR BILL NO-120/10-7-24 – 9,000/-

ആകെ – 65,100/-

മേൽ പ്രകാരം വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 26/24-12-25) ഭരതന്നൂർ എഫ് എച്ച് സിയിൽ പ്രതിരോധ കുത്തിവയ്പിനായി സ്ഥിരമായി വാഹനം കിട്ടാറില്ലായിരുന്നു എന്നും ആയതിനാൽ ക്വട്ടേഷൻ ക്ഷണിക്കാതെ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ അപേക്ഷ നൽകുന്ന മുറക്ക് സ്ഥലത്ത് ലഭ്യമായ ആയ വാഹനത്തെയാണ് വിളിച്ചിരുന്നത് എന്നാണ്. ടി മറുപടി അംഗീകരിക്കുന്നില്ല. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-49 മരുന്നുകൾ ലഭ്യമായില്ല - 34,595/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

പ്രോജക്റ്റ് നം.	43/25 (New)
പ്രോജക്റ്റിന്റെ പേര്	പാലിയേറ്റീവ് കെയർ
അടങ്കൽ	7,36,780/- (വികസന ഫണ്ട് ജനറൽ)
ചെലവ്	7,18,251/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (FHC)
ബിൽ നം.	121/10-7-24 – 45,620/- 122/10-7-24 – 45,620/- 123/10-7-24 – 46,620/- 214/9-9-24 – 44,580/- 215/9-9-24 – 45,620/- 216/9-9-24 – 29,162/-

	321/13-12-24 – 43,790/- 322/13-12-24 – 45,620/- 323/13-12-24 – 45,620/- 426/7-1-25 – 4,421/- 430/9-1-25 – 45,620/- 457/23-1-25 – 4,064/- 579/7-3-25 – 44,040/- 663/9-3-25 – 45,030/- 660/19-3-25 – 36,780/- 697/22-3-25 – 40,380/- 706/22-3-25 – 39,630/- 114/8-7-24 – 66,034/-

പാലിയേറ്റീവ് കെയറിനായി വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി ഏക വർഷ പദ്ധതിയായി നടപ്പിലാക്കുന്നു. രോഗാവസ്ഥയിലുള്ളവരെ ഹോം കെയർ ടീം സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും പ്രോജക്റ്റ് മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. പദ്ധതിയിലുൾപ്പെടുത്തി, പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, മരുന്നുകൾ വാങ്ങൽ എന്നിവക്കായി തുക ചെലവഴിക്കുന്നു, പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

എസിആർ ബിൽ നം. 114/8-7-24-പ്രകാരമുള്ള 66,034/- രൂപയിൽ നിന്നും താഴെ ചേർക്കുന്ന പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മരുന്ന് വാങ്ങുന്നതിനായി KMSCL ന് 34,595/- രൂപ അനുവദിച്ചിട്ടുണ്ട്.

ഇൻവോയ്സ് നം.	തുക (രൂ)	സ്ഥാപനം
PRF 299/12-6-24	34,595/-	KMSCL

മേൽ പ്രകാരം കൈമാറിയ തുകയ്ക്ക് ലഭ്യമാക്കിയ മരുന്നുകളുടെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ നൽകുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/26-12-25 ന് മരുന്ന് ലഭ്യമായിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതു വരെയ്കും 34,595/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-50 പാരമെഡിക്കൽ സ്റ്റാഫ് നിയമനം - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

	ക്രമ നമ്പർ 1	ക്രമ നമ്പർ 2
പ്രോജക്റ്റ് നം.	76/25	തനതു ഫണ്ടിൽ നിന്നും വൗച്ചർ മുഖേന
പ്രോജക്റ്റിന്റെ പേര്	ഭരതന്നൂർ എഫ്.എച്ച്.സി.യിൽ ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ താൽകാലിക വേതനം	ഭരതന്നൂർ എഫ്.എച്ച്.സി. ലാബ് ടെക്നീഷ്യന്റെ വേതനം
അടങ്കൽ	രൂ. 10,00,000/- (5,00,000/- വികസന ഫണ്ട് ജനറൽ + 5,00,000/- തനത് ഫണ്ട്)	NA
ചെലവ്	രൂ. 7,44,340/- (2,50,210/- വികസന ഫണ്ട് ജനറൽ + 4,94,130/- തനത് ഫണ്ട്) എസിആർ ബിൽ നം-262/25-10-24 – 3,37,530/- എസിആർ ബിൽ നം-265/28-10-24 – 11,900/- എസിആർ ബിൽ നം-269/7-11-24 – 50,390/- എസിആർ ബിൽ നം-306/2-12-24 – 71,360/- എസിആർ ബിൽ നം-422/6-1-25 –	വൗച്ചർ/ചെക്ക് നം/തിയ്യതി 1.22400258/24-6-24-39,420/- 2.071315/17-8-24-19,710/- 3.22400577/12-9-25-19,710/- 4.22400242/5-11-24-45,900/- 5.22400863/2-12-24-22,950/-

	22,950/- എസിആർ ബിൽ നം-421/6-1-25-47040 എസിആർ ബിൽ നം-576/7-3-25-75870 എസിആർ ബിൽ നം-580/7-3-25-73910 എസിആർ ബിൽ നം-714/22-3-25-53390	
ഫണ്ടിനം	വികസന ഫണ്ട് + തനത് ഫണ്ട്	തനത് ഫണ്ട്

ഭരതന്നൂർ എഫ്.എച്ച്.സി.-യുടെ സുഗമമായ നടത്തിപ്പിനായി അധികമായി നിയമിച്ച ഒരു ഡോക്ടർ, ഒരു പാരമെഡിക്കൽ സ്റ്റാഫ് (ഫാർമസിസ്റ്റ്), എന്നിവർക്ക് ശമ്പളം നൽകുന്നതിനായി വികസന ഫണ്ട്/തനത് ഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. അധികമായി നിയമിച്ച ഡോക്ടർക്ക് 50,000/- രൂപ വീതവും (പ്രതിദിനം – 1,960/-) ഫാർമസിസ്റ്റിന് 25,000/- (പ്രതിദിനം 850/-) വീതവും തൻ വർഷം ക്രമ നം. (1) പദ്ധതി പ്രകാരം ശമ്പളയിനത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ ക്രമ നം. (2) പ്രകാരം വൗച്ചർ മുഖേന ലാബ് ടെക്നീഷ്യന്റെ വേതനവും അനുവദിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ.1-363/2023 LSGD 25-10-2023 പ്രകാരം ഉത്തരവ് പ്രകാരം എഫ്.എച്ച്.സി./സി.എച്ച്.സികളിൽ ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയാണ് നിയമിക്കാവുന്നത്. ഇതനുസരിച്ച് നേഴ്സ്/ ഫാർമസിസ്റ്റ്/ലാബ്ടെക്നീഷ്യൻ എന്നിവരിൽ ആരെ നിയമിക്കണമെന്ന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരം 2 പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്നതിനും നിലവിൽ എഫ്.എച്ച്.സിയിൽ സ്ഥിരം/താത്കാലിക തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന എത്ര സ്റ്റാഫ് നഴ്സ്/ഫാർമസിസ്റ്റ്/ ലാബ്ടെക്നീഷ്യൻ ഉണ്ടെന്നുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/തീ. 25-12-2025ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തസ്തികകളിൽ നിയമനം നടത്തി വേതനം നൽകുന്നത് അടിയന്തിരമായി നിറുത്തലാക്കി റിപ്പോർട്ട് ചെയ്യുകയോ പ്രസ്തുത നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

1-51 ഇൻഷുറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല

09-08-2017 തീയതിയിലെ ജി.ഒ(പി)നം. 3/17/PWD പ്രകാരം നിർമ്മാണ പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും (കോൺട്രാക്ട് തുകയുടെ 0.2%, മിനിമം രൂ.2,00,000/- മാക്സിമം രൂ.5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഫൈൻ ഈടാക്കുന്നതോടെ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാതാവുന്നില്ല. ഫൈൻ ഈടാക്കിയതിനുശേഷം പ്രവർത്തിക്ക് ഇൻഷ്വറൻസ് എടുക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഇൻഷ്വറൻസ് എടുത്തിട്ടില്ലാത്തതും നിലവിൽ പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ ഡിഫെക്ട് ലയബിലിറ്റി പിരീഡ് കഴിയുന്നതിനുള്ളിൽ ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്കും ഹാനികൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി കരാറുകാരനിൽ നിന്നും നഷ്ടപരിഹാര ബോണ്ട് വാങ്ങേണ്ടതാണ്. നഷ്ടപരിഹാര ബോണ്ട് ലഭ്യമാക്കിയതിന് ശേഷം മാത്രമേ മേൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് അനുവദിക്കുന്നുള്ളൂ എന്ന് അതാത് ഡി.ഡി.ഒ.-മാർ ഉറപ്പ് വരുണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ തൻവർഷം മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് പ്രവൃത്തിയുടെ തുക അനുവദിച്ചിരിക്കുന്നത്. താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരൻ ഇൻഷ്വറൻസ് വിശദാംശങ്ങൾ ലഭ്യമാക്കിയതിന്റെ രേഖ

ഫയലിലില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്റ്റ് നം.	പ്രോജക്റ്റിന്റെ പേര്	അടങ്കൽ (രൂ.)	ചെലവ് (രൂ.)	ഫണ്ടിനം/ബിൽ നം.	കരാർ തുക (രൂ.)	ഈടാക്കേണ്ട ഫൈൻ (രൂ.)
1	194/25(so)	മൂന്ന് മുക്ക് മൂലപ്പേഴ് റോഡ് റീടാറിംഗ്	6,23,575/-	6,23,575/-	മെയിന്റനൻസ് ഗ്രാന്റ്- റോഡ്	12,67,169/-	2,534/-
2	193/25(so)	മരുതമൺ കൊല്ല വിളാകം റോഡ്-സൈഡ് കെട്ട്	2,84,247/-	2,84,247/-	മെയിന്റനൻസ് ഗ്രാന്റ്- റോഡ്	2,44,649/-	489/-

തുക ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-52 കരാർ ചമക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1,000/- രൂപ, പരമാവധി 25,000/- രൂപ) കരാർ ചമക്കാവുന്നതാണ്. 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികളിൽ കരാർ വക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്.

പ്രോജക്ട് നം. പേര്	കരാറുകാരൻ	സെലക്ഷൻ നോട്ടീസ് തീയതി	പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി	കരാർ വച്ച തീയതി, തുക (രൂ)	ഈടാക്കേണ്ട പിഴ (രൂ)	റിമാർക്സ്
197/25 അംബേദ്കർ കോളനി അങ്കണ വാടി റോഡ് സൈഡ് കോൺക്രീറ്റിംഗും, ഓടനിർമ്മാണവും	സജിം.എ)	16-8-23	8-9-23	13-9-23 6,63,401/-	6,634/-	
182/25 മൈലമ്മൂട് വാഴോട്ടുകാല റോഡ് കോൺക്രീറ്റിംഗും കലുങ്ക് മെയിന്റനൻസും	സജിം.എ)	14-8-23	6-9-23	13-9-23 1,42,933/-	1,429/-	
186/25 കല്ലുമല അടപ്പുപാറ റോഡ് സൈഡ് കെട്ട്	സജീം.എ)	14-8-23	6-9-23	13-9-23 2,46,328/-	2,463/-	

193/25 മരുതമൺ കൊല്ലം വിളാകം റോഡ് സൈഡ് കെട്ട്	സലീം .ജെ	14-8-23	6-9-23	21-9-23 2,44,649/-	2,446/-	
195/24 മേലെ പാലുവള്ളി കൊച്ചാലും വീട് ഓട നിർമ്മാണവും സൈഡ് കോൺക്രീറ്റിംഗും	സജീം.എ	14-8-23	6-9-23	13-9-23 2,70,506/-	2705/-	
			ആകെ		15,677/-	

പ്രൈസ് 3 അപാകം മൂലമാണ് കരാർ വക്കാൻ കാലതാമസം വന്നതെന്ന് കാണിച്ചാണ് ടിയാനിൽ നിന്നും കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നത്. പ്രസ്തുത കാരണം അംഗീകരിക്കുന്നില്ല. 16/8/23 ന് ലെറ്റർ ഓഫ് ആക്സെപ്റ്റൻസ് അയച്ചത് കൈപ്പറ്റി പ്രോജക്റ്റ് നം. 170/25 ൽ 8-9-23 നു തന്നെ കരാർ വച്ചിട്ടുണ്ട്. പ്രോജക്റ്റ് നം. 160/25 ലും 16/8/23 ന് അയച്ച ലെറ്റർ ഓഫ് ആക്സപ്റ്റെൻസ് കൈപ്പറ്റി 5-9-23 നു തന്നെ കരാർ ചമച്ചിട്ടുണ്ട്. കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിന്ന് പിഴ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 57/30-2-25 ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-53 ഗാർഹിക ടോയ്ലെറ്റ് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

എ)

പ്രോജക്റ്റ് നം.	227(SO)
പ്രോജക്റ്റിന്റെ പേര്	ഗാർഹിക കക്കൂസ് നിർമ്മാണം
അടങ്കൽ	9,60,000/- + 2,68,600/- (കേന്ദ്രാവിഷ്കൃത ഫണ്ട് + തനതുഫണ്ട്)
ചെലവ്	2,52,000/- + 54,400/-
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ
ബിൽ നം	230/1-10-2024 – 51,000/- 402/3-1-25 – 3,400/- 1/10/24 – 1,56,000/- 2/12/24 – 30,000/- 3/1/25 – 6,000/- 24-3-25 – 60,000/-

എസ്.ബി.എം ഗ്രാന്റ് ഉപയോഗിച്ച് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ടോയ്ലറ്റ് നിർമ്മാണത്തിനായി താഴെ ചേർക്കും പ്രകാരം തുക 2023-24, 2024-25 വർഷങ്ങളിലായി നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 15,400/- രൂപയാണ് നൽകുന്നത് (6,000 + 3,400 + 6,000). അക്വിറ്റൻസ് പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

ഗുണഭോക്താവിന്റെ പേര്	2023-24 വർഷം കൈപ്പറ്റിയ തുക	2024-25 വർഷം കൈപ്പറ്റിയ തുക
റിജി സിയ മൻസിൽ, മൂന്നുമുക്ക്	6,000/-	3,400/-
വിജി മോൾ നന്ദന ഭവൻ, ഭരതന്നൂർ	6,000/-	3,400/-

സുശീല സരസ്വതി വിലാസം, തേമ്പാമൂട്	6,000/-	-
സുര്യ എസ്.ആർ സൂര്യ വിലാസം, ഭരതന്നൂർ	6,000/- 3,400/-	-
രാജമ്മ ചരുവിള പുത്തൻ വീട്, കൈത പച്ച	6,000/-	-
സുലോചന ബൗണ്ടർ വിള വീട്	6,000/-	-

ഇക്കാര്യത്തിൽ വ്യക്തതവരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ്/ഫോട്ടോ എന്നിവ ഹാജരാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-54 ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല - 75,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

പ്രോജക്റ്റ് നം.	4/25
പ്രോജക്റ്റിന്റെ പേര്	വീട് വാസയോഗ്യമാക്കൽ
അടങ്കൽ	രൂ.28,50,000/- (എസ്.സി.പി)
ചെലവ്	രൂ.23,25,000/- (വികസനഫണ്ട് – എസ്.സി.പി)
നിർവ്വഹണോദ്യോഗസ്ഥൻ	വിഇഒ-2
ബിൽ നം.	331/16-12-24 – 7,50,000/- 344/18-12-24 – 3,00,000/- 372/26-12-24 – 75,000/- 447/15-1-25 – 1,50,000/- 514/12-2-25 – 2,25,000/- 564/6-3-25 - 225,000/- 566/6-3-25 – 2,25,000/- 567/6-3-25 – 2,25,000/- 683/19-3-25 – 75,000/- 753/25-3-25 – 75,000/-

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 19 എസ്.സി. കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി 1,50,000/- രൂപ വീതം ആകെ 28,50,000/- രൂപ ധനസഹായം ചെയ്യുന്നതിനാണ് വിഭാവനം ചെയ്യുന്നത്. തൻവർഷം 23,25,000/- രൂപ വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. അഡ്വാൻസ് ഗഡുവായി 75,000/- രൂപയും പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് രണ്ടാം ഗഡു ആനുകൂല്യവും ലഭ്യമാക്കുന്നു. എ.സി.ആർ ബിൽ നം. 447/26-12-25 -പ്രകാരം ആദ്യ ഗഡുവായി 75,000/- രൂപ കൈപ്പറ്റിയ ചിത്ര വി. തടത്തരികത്ത് വീട്, എന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ ഹാജരാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 54/29-12-25-ന് മറുപടിയായി ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അത് ചെയ്യാത്ത പക്ഷം ടിയാനെതിരെ റവന്യു റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് വരെക്കും 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-55 മുൻ വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ തുമ്പൂർമുഴി

ഉപയോഗക്ഷമമാക്കാതെ തൻവർഷം അതേ സ്ഥലത്ത് വീണ്ടും പുതിയ യൂണിറ്റ് നിർമ്മിച്ചു

പാങ്ങോട് മാർക്കറ്റിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനായി 2020-21 വർഷം 262/21 നമ്പർ പദ്ധതിയിലുൾപ്പെടുത്തി തുമ്പൂർമുഴി സ്ഥാപിക്കൽ പ്രവൃത്തിക്ക് കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 2,50,000/- രൂപ അടങ്കൽ വച്ച് 1,90,894/- രൂപ ചെലവഴിച്ച് തുമ്പൂർമുഴി യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ആയത് പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു. എന്നാൽ ടി യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പകരം 2024-25 വർഷം പ്രോജക്റ്റ് നം-272/25 പ്രകാരം ആകെ 8,62,344/- രൂപ ചെലവഴിച്ച് തുമ്പൂർമുഴി നിർമ്മാണ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച വിവിധ തുമ്പൂർമുഴി യൂണിറ്റുകളിൽ ഒന്ന് പാങ്ങോട് മാർക്കറ്റിൽ മുൻപ് നിർമ്മിച്ച തുമ്പൂർമുഴിയോട് ചേർന്ന് വീണ്ടും നിർമ്മിച്ചിട്ടുള്ളതായി 30-12-2025 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. 2020-21 വർഷം നിർമ്മിച്ച നിലവിലുള്ള തുമ്പൂർമുഴി ഉപയോഗക്ഷമമാക്കുന്നതിന് പകരം വീണ്ടും അതേ സ്ഥലത്ത് പുതിയൊരെണ്ണം സ്ഥാപിക്കാൻ ഇടയായ സാഹചര്യം വ്യക്തമല്ല. നിലവിൽ രണ്ടെണ്ണവും ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത്, ആസൂത്രണ സമിതിയുടേയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും, മോണിറ്ററിംഗ് സമിതിയുടേയും വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതിപ്പണം ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും, രണ്ട് യൂണിറ്റുകളും അടിയന്തരമായി പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2024-25 വർഷത്തിൽ പ്രോജക്ട് നമ്പർ 272/25 പ്രകാരം നിർമ്മിച്ച യൂണിറ്റ്

2020-21ൽ പ്രോജക്ട് നമ്പർ 262/21 പ്രകാരം നിർമ്മിച്ച് ഉപേക്ഷിച്ചിരിക്കുന്ന യൂണിറ്റ്

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 പെർമിറ്റ് അപേക്ഷ ഫീസ് തെറ്റായി ഈടാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 2,200/- രൂപയുടെ നഷ്ടം

താഴെ പറയുന്ന പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024 /ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

ഫയൽ നമ്പർ, ഈടാക്കിയ അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണം	ഈടാക്കേണ്ടിയിരുന്ന ഫീസ്	ഈടാക്കിയ അപേക്ഷ ഫീസ്, രസീത് നമ്പർ	കുറവ് (രൂ)
A3/3493/24 നൗഷാദ്. എ.ജി, 3102.35 M^2	2,000	500, 1240401489/7.9.24	1,500
A3/5556/24 നസീറബീവി, 119.84m^2	500	150, 1240403118/4.12.24	350
A3/3064/24 അബ്ദുൾ റഹിം, 109 M^2	500	150, 1240401077/16.8.24	350
		ആകെ	2,200/-

ഈ അപാകത സംബന്ധിച്ച് 16.12.2025ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ടി തുക അപേക്ഷകരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ഈടാക്കിയതിൽ കുറവു വന്ന തുക 2,200/- രൂപ അപേക്ഷകരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഹരിത കർമ്മസേനാ ഡ്രൈവർക്ക് വേതനമിനത്തിൽ അധിക തുക നൽകി -

4,380/- രൂപ നിരാകരിക്കുന്നു

സ.ഉ(പി)നം. 29/2021/Fin., Dated 11.02.2021 പ്രകാരം ദിവസവേതന/കരാർ ജീവനക്കാർക്ക് നൽകാവുന്ന പരമാവധി വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം ഒരു ദിവസം 730/- രൂപ നിരക്കിൽ പരമാവധി നൽകാവുന്ന വേതനം 19,710/- രൂപയാണ്. എന്നാൽ വൗച്ചർ നം. 22400206/തീ.01.06.2024 പ്രകാരം ശ്രീ. ബിജുവിന് 30 ദിവസത്തേയ്ക്ക് 730/- രൂപ നിരക്കിൽ 21,900/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ വൗച്ചർ നം.22400102/തീ.04.05.2024 പ്രകാരം പ്രസ്തുത വ്യക്തിയ്ക്ക് തന്നെ 30 ദിവസത്തേയ്ക്ക് 730/- രൂപ നിരക്കിൽ 21,900/- രൂപയും നൽകിയിട്ടുണ്ട്. മേൽ ഉത്തരവിനനുസൃതമായി വേതനം പരിമിതപ്പെടുത്തി നൽകാത്തതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 53/ 30.12.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേനാ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. ബിജുവിന് മേൽ വൗച്ചറുകൾ പ്രകാരം അധികമായി നൽകിയ 4,380/- നിരാകരിക്കുന്നു. 4,380/- രൂപ ശ്രീ. ബിജുവിൽ നിന്ന് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3-2 അങ്കണവാടികളിൽ പോഷകാഹാര പദ്ധതി - അധികമായി അനുവദിച്ച തുക 21,787/- രൂപ നിരാകരിക്കുന്നു

പദ്ധതിയുടെ പേര്	അങ്കണവാടി പോഷകാഹാര പരിപാടി – എസ്.സി.പി
നിർവഹണ ഉദ്യോഗസ്ഥൻ	ICDS സൂപ്പർവൈസർ
ഫണ്ട്, പ്രോസീഡിംഗ്സ് നമ്പർ	വികസന ഫണ്ട് ജനറൽ, കേന്ദ്രാവിഷ്കൃത ഫണ്ട് 452/28.10.2024
അടങ്കൽ	രൂ.4,85,033/-
ചെലവ്	രൂ.4,81,894/-

ICDS സൂപ്പർവൈസർ നിർവഹിച്ച 79/2025 അങ്കണവാടി പോഷകാഹാര പരിപാടി – എസ്.സി.പി. – പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ന്യൂട്രിമിക്സ് സപ്ലൈ ചെയ്ത ഇനത്തിൽ പ്രോസീഡിംഗ്സ് നമ്പർ 452/28.10.2024 പ്രകാരം 21,787/- രൂപ യുവശക്തി യുവശ്രീ ന്യൂട്രിമിക്സിന് അനുവദിച്ചിട്ടുണ്ട്. ടി ചെലവിനെ സാധൂകരിക്കുന്ന ബില്ലുകൾ/ ഇൻവോയിസുകൾ എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ രേഖകൾ ലഭ്യമാക്കുന്നതിനായി 27.12.2025ലെ 35-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. എന്നാൽ നിർവഹണ ഉദ്യോഗസ്ഥ പ്രസ്തുത രേഖകൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ തുക അനുവദിച്ചിട്ടുള്ള ബില്ലുകൾ ഡ്യൂപ്ലിക്കേഷൻ മൂലം വീണ്ടും മാറി നൽകിയതിനാൽ 21,787/- രൂപ അധികത്തുക അനുവദിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. അധികമായി അനുവദിച്ച തുക 2025-26 ലെ യുവശക്തി യുവശ്രീ ന്യൂട്രിമിക്സിന് അനുവദിക്കുന്ന ബില്ലിൽ കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചു. നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അധികമായി അനുവദിച്ച തുക 21,787/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് അവലോകനം

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ	മെഡിസെപ് പ്രീമിയം	മെഡിസെപ് പ്രീമിയം	ഒടുക്കാൻ ബാക്കി	റിമാർക്സ്

ജീവനക്കാരുടെ എണ്ണം	ഇനത്തിൽ ഈടാക്കിയ തുക	ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
2024- ഏപ്രിൽ മുതൽ 2024- സെപ്റ്റംബർ വരെ 13 പേർ വീതം 2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ 14 പേർ വീതം	6500X6 = 39,000 7000X6 = 42,000	81,000	0	--

01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
NIL	NA	NA	NA	NA	NA

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല	ബാധകമല്ല	ബാധകമല്ല	ഇല്ല	ഇല്ല	ഇല്ല

4-2 സംയുക്ത പ്രോജക്ടുകൾ

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക (രൂ)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക (രൂ)	നീക്കിയിരിപ്പ്
		2,75,000	163/25, ലൈഫ് പി.എം.എ).വൈ പ്രോജക്ട് ജനറൽ	2,75,000	
		3,81,750	89/25, സ്നേഹസ്പർശം	3,81,750	
		2,75,136	144/25, ക്ഷീര സമൃദ്ധി(so)	2,75,136	
		1,97,969	6/25, ക്ഷീര സമൃദ്ധി(NEW)	1,97,969	
		1,00,000	143/25, സൗരവേലി	1,00,000	
ബ്ലോക്ക് പഞ്ചായത്ത്	17,20,121	85,802	5/25, ലൈഫ് പി.എം.എ).വൈ പ്രോജക്ട് TSP-	85,802	17,20,121
		2,30,000	152/25, ലൈഫ് പി.എം.എ) വൈ SCP	2,30,000	
		5,00,000	173/25, രണ്ട് മുക്ക് ആശാൻ സ്മാരക റോഡ് പാലം മെയിന്റനൻസ്	5,00,000	
		4,99,547	72/25, ആലു വളവ് ലെനിൻ കുന്ന് റോഡ് കോൺക്രീറ്റ്, ഐറിഷ്	4,99,547	
ആകെ	17,20,121	25,45,204		25,45,204	17,20,121
		14,000	12/25, ഹരിതഭവനം	14,000	
		14,000	154/25, ഹരിതഭവനം	14,000	
		3,81,750	89/25 സ്നേഹസ്പർശം	3,81,750	
ജില്ലാ പഞ്ചായത്ത്	7,23,574	4,05,000	156/25, ലൈഫ് പി.എം.എ) വൈ ജനറൽ	4,05,000	7,23,574
		1,90,000	152/25, ലൈഫ് പി.എം.എ) വൈ SCP	1,90,000	
		1,17,894	153/25, ലൈഫ് പി.എം.എ) വൈ SCP	1,17,894	
ആകെ	7,23,574	11,22,644		11,22,644	7,23,574

ഖണ്ഡിക -1-1-18 കാണുക

4-3 നിക്ഷേപ പ്രവൃത്തികൾ

നിർവഹണ ഏജൻസി	മുൻ ബാക്കി (രൂ)	2024-25				
		പ്രോജക്ട് നം, പ്രവൃത്തിയുടെ	മുൻകൂർ നൽകിയ	ആകെ തുക	വിനിയോഗ സാക്ഷ്യപത്രം	വാർഷിക കണക്കു

		പേര്	തുക (രൂ)	(രൂ)	ലഭിച്ചത് + തിരികെ ഒടുക്കിയത് (രൂ)	പ്രകാരം ബാക്കി തുക (രൂ)
കേരള വാട്ടർ അതോറിറ്റി	26,02,249	-	-	-	-	26,02,249
കെ.എസ്.ഇ.ബി	2,04,135	37/25, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്	1,43,147	16,95,581	-	*18,19,091
		38/25, സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	15,52,440			
പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റ്	3,10,013	-	-	3,10,013	-	3,10,013

*കെ.എസ്.ഇ.ബി നീക്കിയിരിപ്പു തുകയിൽ 80,631/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വ്യത്യാസം സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ

വായ്പ വിവരം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂ)	തൻവർഷം ലഭിച്ച തുക (രൂ) (RP -31 പ്രകാരം)	ആകെ (രൂ)	തൻവർഷം തിരിച്ചടച്ച തുക (രൂ) (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ) (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	3,46,37,708	94,56,981	4,40,94,689	36,44,700	4,04,49,989

ഖണ്ഡിക 1-1-12 കാണുക.

4-6 സ്ഥിര നിക്ഷേപം

FD നമ്പർ	തുക (രൂ)	പലിശ നിരക്ക്	നിക്ഷേപ തീയതി	മെച്യൂരിറ്റി തീയതി	മെച്യൂരിറ്റി വാല്യു (രൂ)	ബാങ്ക്
ലഭ്യമല്ല	1,00,00,000/-	7.25%	21/7/2023	21.10.2024	1,09,39,702/-	ഫെഡറൽ ബാങ്ക്

ഖണ്ഡിക -1-1-8 കാണുക

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2003-04	3-7			VEO 10,59,000/- രൂപയുടെ ക്രമക്കേട് -	പരാമർശം നിലനിൽക്കുന്നു

					ചെലവ് തടസ്സപ്പെടുത്തി.	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

മുന്നിരിപ്പ്	3,12,15,828/-
ഓഡിറ്റ് വർഷത്തെ വരവ്	8,81,95,257/-
ആകെ	1,194,11,085/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,30,60,749/-
നീക്കിയിരിപ്പ്	4,63,50,336/-
വരവിനങ്ങളിലുള്ള നഷ്ടം	2,200/-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	26,167/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	20,74,228/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ്ജ് ചെയ്യാവുന്നവ (രൂ)		സർചാർജ്ജ് ചെയ്യാവുന്നവ (രൂ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	2,200/-	1,850/-	-	ശ്രീ. മണികണ്ഠൻ ജി. (സെക്രട്ടറി)
		350/-	-	ശ്രീ. ബെൻസി ലാൽ കെ.ആർ. (സെക്രട്ടറി)
3-1	-		4,380/-	ശ്രീ. മണികണ്ഠൻ ജി. (സെക്രട്ടറി)
3-2	-		21,787/-	ശ്രീമതി. പ്രഭ (ഐ.സി.ഡി.എസ് സൂപ്പർ വൈസർ)
ആകെ	**2,200/-**		**26,167/-**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	46,133/-	ശ്രീ. ബെൻസി ലാൽ കെ.ആർ. (സെക്രട്ടറി)
1-28	28,880/-	ശ്രീ. ബെൻസി ലാൽ കെ.ആർ. (സെക്രട്ടറി)
1 -29	17,95,587/-	ശ്രീ. ബെൻസി ലാൽ കെ.ആർ. (സെക്രട്ടറി)
1 -33	94,033/-	ശ്രീ. മണികണ്ഠൻ ജി. (സെക്രട്ടറി)
1-49	34,595/-	ഡോ. രാജീവ് (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി)
1-54	75,000/-	ശ്രീമതി സീന എസ്. (വി.ഇ.ഒ-2)
ആകെ	**20,74,228/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക	സ്ഥിരം മേൽവിലാസം

	മേൽവിലാസം	
ഡോ. രാജീവ്, (മെഡിക്കൽ ഓഫീസർ, PHC)	മെഡിക്കൽ ഓഫീസർ (CHC), പാലോട്	ചെറുകുന്ന് വിളാകം വീട്, മലയിൻകീഴ്
ശ്രീ. മണികണ്ഠൻ ജി, (സെക്രട്ടറി)	പി എ ടു സെക്രട്ടറി തിരുവനന്തപുരം കോർപ്പറേഷൻ	ചിഞ്ചൂസ്, റ്റി.സി. 41/2837/1 അരയല്ലൂർ, തിരുമല, തിരുവനന്തപുരം 695006
ശ്രീ. ബെൻസി ലാൽ കെ.ആർ, (സെക്രട്ടറി).	സെക്രട്ടറി, പാങ്ങോട് ഗ്രാമ പഞ്ചായത്ത്	വൈദേഹി, കല്ലമ്പലം, കല്ലമ്പലം പി.ഒ.
ശ്രീമതി പ്രഭ, (ഐ.സി.ഡി.എസ് സൂപ്പർ വൈസർ)	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പാങ്ങോട് ഗ്രാമ പഞ്ചായത്ത്	രേവതി, ഭജന മഠം, മതിര പി.ഒ.
ശ്രീമതി സീന എസ്, വി.ഇ.ഒ-2	വി.ഇ.ഒ കഠിനം കുളം, ഗ്രാമ പഞ്ചായത്ത്	അഷ്ടമി, അയിരൂർപാറ, പോത്തൻകോട്.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2001-02	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2002-03	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2003-04	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2004-05	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	2
2005-06	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	0
2006-07	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	1
2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	2
2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	14
2011-12	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	12
2012-13	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	4
2013-14	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	5
2014-15	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	4
2015-16	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	6
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/759/2022 തീയതി. 15.10.2022	13
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/2330/2018 തീയതി. 20.10.2018	34
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020 തീയതി. 06.10.2020	34
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1954/2021 തീയതി.08.02.2022	35
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/903/2022 തീയതി. 30.06.2022	39
2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/273/2023 തീയതി. 27.03.2023	56
2022-23	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/1822/2023 തീയതി. 26.12.2023	56
2023-24	കെ.എസ്.എ.റ്റി.വി.എം/ജി.പി.14/1960/2024 തീയതി.	32

	23.12.2024	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/4 dated 1/4 dated 23-07-2025 and submitted on 23-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pangode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pangode Grama Panchayat as on 31-03-2025

Date: 29/01/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pangode Grama Panchayat for the Year 2024-2025.

1.Major Observations

Nil

2.Other Observations

1. The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2. As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. But at the end of the year 2024-25, the value of Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement.
3. Schedule B-1, which determined the Financial outcome (Panchayat fund) for the year, has not been made available for audit along with the annual accounts.

4. As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income, the demand entry was recorded only at the end of the financial year 2024-25.
5. Expenses due, including honorarium for members and fuel expenses, have not been disclosed and no provision has been made for outstanding expenses in the balance sheet.
6. Bank statements/treasury statements of the following accounts have not been made available for verification to verify the correctness of the balance.
State bank of India (Account No. 57058771757) and Sub treasury Nedumangad (Account No. 702031400000008) under RP(40b).
7. There is a mismatch between the grant amounts remaining to be spent as per AFS and the balances in the bank/treasury accounts in which they are deposited. Details are appended below.

i) As per schedule B-4, the balance under the head Joint venture projects is Rs.24,43,695/-. But as per B-17 schedule the balance in the bank account is Rs 0/- only.

ii) As per Schedule B-4, Rs.3,13,462/- is the balance inliteracy scheme grant. But as per B-17 schedule the balance in the said bank account is Rs.3,10,855/-
iii) As per Schedule B-2, Rs.24,950 /- is the balance in panchayat distress relief fund. But as per B-17 schedule the balance in the said bank account is Rs.5,828/-
8. Investments in fixed deposits as per B-12 schedule of AFS is Rs.1,07,73,268/-, whereas as per the Fixed deposit certificates the maturity amount comes to Rs.1,19,38,351/-.
9. Rs.41,638/- has been deducted from the demand of property tax through the head Prior period income in property tax. But no supporting documents have been made available for verification.
10. Rs.3,74,964/- rupees has been journalized on the debit side on 31.03.2025 under the head "prior period income-recovery of revenues written off-rent from buildings" in the Income & Expenditure Statement. As per Rule 3(3) of Kerala Panchayath Raj Act, the maximum amount that can be written off by panchayath committee is Rs.1,000/- Only. For amount above this limit, approval from Government and KSAD Director is necessary.
11. As per general ledger trial balance head code no. 431910201, a deposit of Rs.2,500/- has been recorded in the out door collection control account on the credit side. But it is not included in the schedule of AFS.
12. Amounts remaining to be repaid on the loan as per AFS B-5 Schedule do not match with the loan register provided.

13. Capital work in progress is recorded as 0 in B-11(b) while there is part bill payment made during the year.
14. The amount recorded in AFS as MNREGS administrative expense does not match with MNREGS cash book.

15. The amount spent on welfare pension under schedule I(14D) of AFS does not tally with the DBT statement certified and made available by the secretary of panchayath.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്